VOL NO: 04 | ISSUE 28
www.nerpatham.com
mail@nerpatham.com

2020 JULY 11 | ₹12

# നേർപഥം

## വാരിക



# പ്രപഞ്ച പഠനം ക്വുർആനിക പരിപ്രേക്ഷ്യത്തിൽ

ക്വുർആൻ അല്ലാഹുവിന്റെ വചനങ്ങളാണ്, ശാസ്ത്രം അല്ലാഹുവിന്റെ സൃഷ്ടിപ്പിന്റെ വിശദീകരണവും. സ്ഥൂല പ്രപഞ്ചത്തിലും സൂക്ഷ്മ പ്രപഞ്ചത്തിലും മനുഷ്യ ധിഷണ ചെന്നെത്താത്ത ഒരുപാട് മേഖലകൾ ഇനിയുമുണ്ട് എന്നും നിലവിലുള്ള യാതൊരു ഉപകരണവും അതിനെ അനാവരണം ചെയ്യാൻ പര്യാപ്തമല്ല എന്നും പഠിപ്പിക്കപ്പെടുമ്പോഴാണ് സ്രഷ്ടാവിന്റെ മഹത്വം നമുക്ക് ബോധ്യപ്പെടുന്നത്.

**വാരിയൻകുന്നത്തിനെ ഭയക്കുന്നവരോട്**

**ലെൻസ്കി പരീക്ഷണത്തിന്റെ പരിണാമഗുപ്തി**

**കെ.എം സീതി സാഹിബ്: കേരള മുസ്‌ലിം നവോത്ഥാന ശിൽപി**

## ഇസ്‌ലാമും പരിസ്ഥിതി സംരക്ഷണവും

അത്യത്ഭുതകരമായ കൃത്യതയോടെയും പാരസ്പര്യത്തോടെയുമാണ് അല്ലാഹുവിന്റെ സൃഷ്ടിപ്പുകളെല്ലാം തന്നെ. സങ്കീർണമായ ഈ സൃഷ്ടിപ്പിൽ കൈകടത്താനുള്ള മനുഷ്യന്റെ ശ്രമങ്ങളെല്ലാം തന്നെ അതിന്റെ സ്വാഭാവികതയിൽ മാറ്റം വരുത്തുകയും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
**താങ്കൾ കേട്ടു തുടങ്ങിയോ?**



peaceradio
Tune to reality


ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840




നേർപഥം

വാരിക

നേർപഥം വാരിക / 0182 / 2020 ജൂലൈ 11 / 1441 ദുൽകഅദ് 20 / പുസ്തകം 04 / ലക്കം 28


# പ്രപഞ്ച പഠനം ക്വുർആനിക പരിപ്രേക്ഷ്യത്തിൽ


ഡോ. ജൗസൽ / 10

**മുഖമൊഴി**

'നേർപഥ' വായനയുടെ വേറിട്ട ലോകം / 05

**ക്വുർആൻ ദർശനം**

മുനാഫിഖൂൻ
(കപടവിശ്വാസികൾ) / 32
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കാഴ്ച**

മരണം തീർക്കുന്ന ശൂന്യത / 34
നബീൽ പയ്യോളി

**ലേഖനം**

ഇസ്‌ലാമും പരിസ്ഥിതി സംരക്ഷണവും / 06
ശൈഖ് മുഹമ്മദ് സ്വാദിഖ് മുഹമ്മദ്

കെ.എം സീതി സാഹിബ്: മുസ്‌ലിം നവോത്ഥാന ശിൽപി / 17
ഫൈസൽ. കെ.പി അരൂർ

ലെൻസ്‌കി പരീക്ഷണത്തിന്റെ പരിണാമഗുപ്തി / 20
അലി ചെമ്മാട്

പവിത്രത / 25
അബ്ദുൽ ജബ്ബാർ മദീനി

വാരിയൻകുന്നത്തിനെ ഭയക്കുന്നവരോട് / 29
അൽത്താഫ് അമ്മാട്ടിക്കുന്ന്


**അറിയിപ്പ്: കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ മാഗസിൻ ഓൺലൈനായി മാത്രം പുറത്തിറക്കുകയാണ്. പോസ്റ്റൽ സൗകര്യം സാധാരണനിലയിലായതു മുതൽ നഷ്ടപ്പെട്ടവക്ക് തുല്യമായ കോപ്പികൾ വരിക്കാർക്ക് ലഭ്യമാക്കുന്നതാണ്.**


Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode

Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose

Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo

Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437

mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# ലോക്ക്ഡൗൺ മറവിൽ വിദ്യാർഥികളെ വേട്ടയാടുന്നത് അവസാനിപ്പിക്കണം: വിസ്ഡം സ്റ്റുഡന്റ്സ്

കോഴിക്കോട്: കേന്ദ്രസർവകലാശാലകളുടെ സമരമുഖങ്ങളിൽ മുന്നിൽനിന്ന വിദ്യാർഥികളെ ലോക്ക്ഡൗൺ മറവിൽ വേട്ടയാടുന്നത് അവസാനിപ്പിക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംഘടിപ്പിച്ച 'കൺവീൻ' ദേശീയ വിദ്യാർഥി സംഗമം ആവശ്യപ്പെട്ടു. കോവിഡ് 19 കാരണത്താൽ രാജ്യം മുഴുവൻ ലോക്ക് ഡൗൺ പ്രതിസന്ധി അനുഭവിക്കുമ്പോഴും വർഗീയതക്കെതിരിലും ഭരണകൂട വേട്ടക്കെതിരിലും സി.എ.എ, എൻ.ആർ.സി. പോലെ രാജ്യത്തെ ധ്രുവീകരിക്കുന്ന നിയമങ്ങൾക്കെതിരിലും സമരമുഖങ്ങളിൽ സജീവമായിരുന്ന വിദ്യാർഥികളെയാണ് ഇപ്പോൾ വേട്ടയാടുന്നത്. രാജ്യതലസ്ഥാനത്ത് ഉൾപ്പെടെ നടന്ന സമരങ്ങൾക്ക് നേതൃത്വം നൽകിയ വിദ്യാർഥികളെയും മറ്റും യു.എ.പി.എ അടക്കമുള്ള കുറ്റങ്ങൾ ചുമത്തി ജയിലിൽ അടക്കുന്ന ഭരണകൂടത്തിന്റെ ഫാസിസ്റ്റ് നടപടി അവസാനിപ്പിക്കണം. ഇത്തരത്തിൽ അറസ്റ്റ് ചെയ്ത നിരപരാധികളെ ഉടൻ വിട്ടയക്കണമെന്നും സംഗമം ആവശ്യപ്പെട്ടു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിദ്യാർഥികൾ ഓൺലൈനായി പങ്കെടുത്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അഷ്റഫ് ഉദ്ഘാടനം ചെയ്തു. വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസിഡന്റ് അർഷദ് അൽഹികമി, ജനറൽ സെക്രട്ടറി കെ.പി. മുഹമ്മദ് ശമീൽ, വൈസ് പ്രസി. സി.വി. അസീൽ, മുനവ്വർ സ്വലാഹി എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

ക്യാമ്പസ് വിദ്യാർഥികൾക്കു വേണ്ടി സംഘടിപ്പിക്കുന്ന എഡിഫൈസ് സർട്ടിഫിക്കറ്റ് കോഴ്സ്, ഇൻസ്പിരിറ്റ് വീഡിയോ സീരീസ്, വെബിനാറുകൾ, വിദ്യാനിധി വെൽഫെയർ സ്കീം തുടങ്ങിയ വിവിധ പദ്ധതികൾ സ്റ്റേറ്റ് ക്യാംപസ് വിങ് കൺവീനർ സുഹൈൽ അബ്ദുസ്സമദ് അവതരിപ്പിച്ചു.

പ്രോഗ്രാമിന്റെ ഭാഗമായി നടന്ന ക്വിസ് മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം ശിയാദ് (ഡൽഹി യൂണിവേഴ്സിറ്റി), സക്കീർ ഹുസൈൻ (ജെ.എസ്.എസ്. ഫാർമസി കോളേജ്, മൈസൂർ), സൽമ മിൻഹ (ഗവ.വുമൻസ് കോളേജ്, തിരുവനന്തപുരം) എന്നിവർ നേടി. നൂറുൽ അമീൻ (കോയമ്പത്തൂർ), ഷംജാസ് കെ അബ്ബാസ് (പോണ്ടിച്ചേരി), റാഗിബ്, ഷാദിൽ.കെ.എം. (ചെന്നൈ), ഉമർ അൻവർ (ബാംഗ്ളൂർ) എന്നിവർ സംസാരിച്ചു.

# സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കണം: വിസ്ഡം സ്റ്റുഡൻസ് ഗേൾസ് ഗാതറിങ്ങ്

മലപ്പുറം: സംസ്ഥാനത്ത് വർധിച്ചു വരുന്ന സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ സർക്കാർ കാലതാമസം കൂടാതെ നടപടി കൈക്കൊള്ളണമെന്ന് വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സമിതി സംഘടിപ്പിച്ച ഗേൾസ് ഗാതറിങ്ങ് ആവശ്യപ്പെട്ടു. ഇത്തരം വിഷയങ്ങളിൽ വരുന്ന കാലതാമസം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ കുടുംബബന്ധങ്ങളെ പോലും ശിഥിലീകരിക്കുന്നതാണ്. പ്രസ്തുത വിഷയങ്ങൾ കണക്കിലെടുത്ത് സർക്കാർ ഇവ്വിഷയകമായി വരുന്ന കേസുകളും പരാതികളും കാലതാമസം കൂടാതെ നടപടികൾ പൂർത്തീകരിക്കാൻ സന്നദ്ധരാകണമെന്ന് സംഗമം കൂട്ടിച്ചേർത്തു.

വിസ്ഡം ഇസ്‌ലാമിക് വിമൻസ് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി ഡോ. റസീല ഉദ്ഘാടനം നിർവഹിച്ചു. ഗേൾസ് വിങ് സംസ്ഥാന കൺവീനർ എം. നുബ്‌ല അധ്യക്ഷത വഹിച്ചു. പരിപാടിയിൽ വിസ്ഡം യൂത്ത് മലപ്പുറം ഈസ്റ്റ് ജില്ലാ സെക്രട്ടറി മുനവ്വർ സ്വലാഹി മുഖ്യ പ്രഭാഷണം നിർവഹിച്ചു.

വിസ്ഡം വിമൻസിന്റെ കീഴിൽ ബിരുദ വിദ്യാർഥിനികൾക്ക് വേണ്ടി ആരംഭിക്കുന്ന 'വർദ' ഓൺലൈൻ ഗേൾസ് ഗാതറിങ് എന്ന തുടർ പദ്ധതിയുടെ പ്രഖ്യാപനം സംസ്ഥാന പ്രസിഡന്റ് സഹ്‌ന സുല്ലമിയ്യ നിർവ്വഹിച്ചു.

വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.വി. അസീൽ, ഡോ: ഹിസാന, സി.പി. ആയിഷ, നദ ജിനാൻ, നിഹാല, കെ. ഫാത്തിമ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. കേരളത്തിനകത്തും പുറത്തുമുള്ള 80 ഓളം ക്യാമ്പസുകളിൽ നിന്നുള്ള വിദ്യാർഥിനികൾ പങ്കെടുത്തു.

# ‘നേർപഥ’ വായനയുടെ വേറിട്ട ലോകം

ആരു പറഞ്ഞു വായനക്ക് മാർക്കറ്റില്ലെന്ന്? ആശയ സംവേദനോപാധികളിൽ ഇന്നും വില്ലൻ വായന തന്നെയാണ്. ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ അതിക്രമിച്ചുകയറിയപ്പോൾ വായന കുറഞ്ഞുപോയിരിക്കാം. എന്നാലും ഒരു പുസ്തകമെടുത്തു കുറച്ചു വായിച്ച് അടയാളംവച്ച് വീണ്ടും വായിച്ചു നോക്കൂ. വായിച്ചു തീരുമ്പോൾ അറിയാം വായന തലച്ചോറിൽ കോറിയിട്ട മാറ്റങ്ങൾ!

ക്വുർആൻ വായിച്ചു പരിചിന്തനം നടത്താനുള്ളതാണ്. വെറും വായനക്ക് തന്നെ കൂലി കിട്ടുന്ന ഗ്രന്ഥം വേറെയില്ല. പ്രവാചകൻﷺ പറഞ്ഞു: ‘നിങ്ങൾ ക്വുർആൻ വായിക്കുക, അന്ത്യനാളിൽ ക്വുർആന്റെ ആളുകൾക്ക് അത് ശുപാർശകനായി വരും’ (മുസ്‌ലിം).

ഹിറാഗുഹയിൽ ജിബ്‌രീൽ വന്നുകൊണ്ട് വായന അറിയാത്ത പ്രവാചകനോട് വായിക്കാനാവശ്യപ്പെടുന്നത് വായനാശീലത്തിന്റെ മാഹാത്മ്യത്തിനു തെല്ലൊന്നുമല്ല ശക്തി പകരുന്നത്. ബദ്ർ യുദ്ധത്തിൽ ചങ്ങലയിൽ വീണുപോയ എതിർപക്ഷത്തുള്ളവർക്കു സ്വതന്ത്രമാകാനുള്ള ഉപാധി അവരിലെ എഴുത്തറിയുന്നവർ മദീനക്കാരായ പത്തു കുട്ടികൾക്ക് എഴുത്തും വായനയും പഠിപ്പിക്കുക എന്നതായിരുന്നു!

എഴുത്തും വായനയുമറിയാവുന്നവർക്കു കൂടുതൽ സ്വീകാര്യതയാണ് ഇസ്‌ലാമിലുണ്ടായിരുന്നത്. പ്രവാചകന് വരുന്ന ദിവ്യബോധനങ്ങൾ എഴുതി സൂക്ഷിച്ചിരുന്നത് വായന അറിയുന്നവരായിരുന്നു. ഇസ്‌ലാമിക ചരിത്രത്തിലെ വിശ്വപ്രസിദ്ധ ഗ്രന്ഥാലയങ്ങൾ ബാഗ്ദാദിലും കൊർഡോവോയിലും കൈറോയിലും ട്രിപ്പോളിയിലുമെല്ലാം അറിവിനും സംസ്‌കാരത്തിനും കാവൽനിന്നു. വായന എക്കാലത്തും പ്രസക്തമായ ഉൽകർഷതയുടെ ഉപാധി തന്നെയാണ് എന്ന് വ്യക്തം.

ഇനി ‘നേർപഥ’ത്തിലേക്കു വരാം. വീട്ടിൽ, ഗ്രന്ഥാലയങ്ങളിൽ, വിദ്യാലയങ്ങളിൽ അനിവാര്യമായ ഒരു കൂട്ടുകാരനാണ് ചുരുങ്ങിയ കാലംകൊണ്ട് മലയാളവായനക്കാരുടെ ആഭിമുഖ്യം ആകർഷിച്ച ‘നേർപഥം’ വാരിക. കനപ്പെട്ട ലേഖനങ്ങൾ, അവലോകനങ്ങൾ, ചരിത്ര വിശകലനങ്ങൾ, നിരൂപണങ്ങൾ, സാമൂഹ്യാവബോധം നൽകുന്ന പഠനങ്ങൾ... തുടങ്ങി വായനക്കാർക്ക് ഹൃദ്യമായ വിഭവങ്ങളുമായി ആഴ്ചവട്ടം കൂടുമ്പോൾ നേർപഥം നിങ്ങളുടെ കൈകളിലെത്തുന്നു. കോവിഡ് രോഗം മൂലം വിതരണം പ്രയാസപ്പെട്ടപ്പോഴും ഓൺലൈൻവഴി മുടങ്ങാതെ മാഗസിൻ നിങ്ങളുടെ വായനക്കായി ഓടിയെത്തുന്നു. 2020 ജൂലായ് 5 മുതൽ ഡിസംബർ 31 വരെയുള്ള കാലം നേർപഥത്തിന്റെ കാമ്പയിൻ മാസങ്ങളാണ്. നിങ്ങൾക്കും ഈ നന്മയിൽ പങ്കാളികളാവാം. സ്വന്തമായി വരിചേർന്നും ചേർത്തിയും നമുക്കീ കാലം വായനയുടെ ഉത്സവമാക്കാം.

-പി.എൻ അബ്ദുല്ലത്തീഫ് മദനി

ശൈഖ് മുഹമ്മദ് സ്വാദിഖ് മുഹമ്മദ്
mail@nerpatham.com



# ഇസ്‌ലാമും പരിസ്ഥിതി സംരക്ഷണവും

ആധുനിക കാലത്തെ പ്രശ്‌നങ്ങളിൽ ഏറ്റവുംവലിയ പ്രശ്‌നം പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ടതാണെന്നത് നിസ്തർക്കമായ കാര്യമാണ്. ആണവായുധം മനുഷ്യകുലത്തിനേൽപിക്കുന്ന ആഘാതം എത്രയാണോ അതിൽനിന്ന് ഒട്ടും കുറയുന്നതല്ല പരിസ്ഥിതി ദുരന്തങ്ങൾ മനുഷ്യനേൽപിക്കുന്ന ആഘാതവും. സാങ്കേതികവിദ്യ വികസിച്ചുകൊണ്ടിരിക്കുന്നു. ഇലക്ട്രോണിക് ശക്തിയുടെ പുതിയ ഉറവിടങ്ങൾ കണ്ടെത്തിക്കൊണ്ടിരിക്കുന്നു, ധാതുക്കളും രാസവസ്തുക്കളും പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു, അനന്തരഫലത്തെ കുറിച്ച് ചിന്തിക്കാതെ മനുഷ്യൻ പ്രകൃതി നിയമത്തിൽ കൈകടത്തിക്കൊണ്ടിരിക്കുന്നു. ഇതെല്ലാമാണ് പരിസ്ഥിതി സംരക്ഷണം നേരിടുന്ന ഏറ്റവും പുതിയ പ്രതിസന്ധിയും വെല്ലുവിളിയും. തീർച്ചയായും ഇത് ലോകത്തുള്ള വിശ്വാസികളെയും പണ്ഡിതന്മാരെയും അസ്വസ്ഥരാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനുള്ള പരിഹാരത്തിനായി അവർ ക്വുർആൻ സൂക്തങ്ങളെയും ഇസ്‌ലാമിക അധ്യാപനങ്ങളെയും സമീപിക്കുകയാണ്.

സമാനതകളില്ലാത്ത അത്ഭുതകരമായ സൂക്ഷ്മതയോടെ, സൃഷ്ടികൾക്കിടയിലെ പരസ്പര പൊരുത്തത്തോടെ ഈ പ്രപഞ്ചത്തെ അല്ലാഹു സൃഷ്ടിച്ചുവെന്ന് ഓരോ വിശ്വാസിയും മനസ്സിലാക്കുന്നു. പരിപൂർണ യുക്തിയുടെ അടിസ്ഥാനത്തിൽ അല്ലാഹുവിന്റെ ഉദ്ദേശത്തിനനുസരിച്ച് ഈ സൃഷ്ടികൾക്കെല്ലാം പ്രത്യേകതകളും ഗുണങ്ങളും ഘടനയും കൃത്യമായ എണ്ണവും അല്ലാഹു വ്യവസ്ഥ ചെയ്തിരിക്കുന്നു. ഓരോ വസ്തുവും അല്ലാഹു പ്രത്യേക സ്ഥലകാലസാഹചര്യക്രമത്തിലാണ് സൃഷ്ടിച്ചിട്ടുള്ളത്.

അല്ലാഹു പറയുന്നു: "തീർച്ചയായും, ഏതു വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥ പ്രകാരമാകുന്നു" (അൽക്വമർ: 49).

മറ്റൊരു സൂക്തത്തിൽ അല്ലാഹു പറയുന്നു: "ഓരോ വസ്തുവെയും അവൻ സൃഷ്ടിക്കുകയും അതിനെ അവൻ ശരിയാംവണ്ണം വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു" (അൽഫുർക്വാൻ: 2).

ഭൂമി, ജലം, അന്തരീക്ഷം, പർവതങ്ങൾ, ജീവജാലങ്ങൾ, സസ്യങ്ങൾ എന്നീ ഇഹലോകത്തിലെ ഓരോ വസ്തുവും അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത് വ്യക്തമായ അളവിന്റെയും അവയ്ക്കിടയിലെ പരസ്പര ബന്ധത്തിന്റെയും അടിസ്ഥാനത്തിലാണ്. നേരിയ അളവിലാണെങ്കിലും ഈ താളത്തിന് എന്തെങ്കിലും പിഴവ് വരുകയാങ്കിൽ അതിന്റെ അനന്തരഫലം പ്രവചനാതീതമായിരിക്കും. ഒരുപക്ഷേ, അത് പ്രകൃതിയുടെയും മനുഷ്യകുലത്തിന്റെയും നാശത്തിന് കാരണമാകുന്നതായിരിക്കും.

ഈ കാണുന്ന പ്രപഞ്ചവും അതിലുള്ളതുമെല്ലാം അല്ലാഹു മനുഷ്യന് വിധേയപ്പെടുത്തിക്കൊടുത്തിരിക്കുന്നു. മനുഷ്യനെ അല്ലാഹുവിന്റെ ഭൂമിയിലെ ഖലീഫയാക്കിയിരിക്കുന്നു; അവനെ ആദരിച്ചിരിക്കുന്നു. അതോടൊപ്പം, അല്ലാഹു അവനെ പരീക്ഷിക്കുകയും ചെയ്യുന്നു. അതിനാൽ മനുഷ്യന്റെ ഓരോ പ്രവൃത്തികളുടെയും ചെയ്തികളുടെയും ഉത്തരവാദി അവൻ തന്നെയാണ്. മനുഷ്യനെ ഖലീഫയായി തെരഞ്ഞെടുക്കുകയും ആദരിക്കുകയും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം നൽകുകയും ചെയ്തത് മുതൽ ഈ ഉത്തരവാദിത്തം അവനിൽ നിക്ഷിപ്തമാവുകയാണ്. അല്ലാഹു ഈ അവകാശങ്ങളും പ്രത്യേകതകളും നൽകുന്നതോടൊപ്പം സ്വന്തത്തിനും മറ്റുള്ളവരുടെ നന്മക്കുമായി എങ്ങനെ ഈ അനുഗ്രഹങ്ങളെ ഉപയുക്തമാക്കാം എന്നത് ദിവ്യവെളിപാടിലൂടെ മനുഷ്യന് വിശദീകരിച്ച് നൽകുന്നു. അത് ലോകത്തെ സംരക്ഷിച്ച് നിർത്താനും അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ നശിപ്പിക്കാതെ നന്മയുടെ മാർഗത്തിൽ ഉപയോഗപ്പെടുത്താനും മനുഷ്യനോട് കൽപിക്കുന്നു. "ഭൂമിയിൽ നന്മ വരുത്തിയതിന് ശേഷം നിങ്ങൾ അവിടെ നാശമുണ്ടാക്കരുത്" (അൽഅഅ്റാഫ്: 56).

മനുഷ്യന് സന്തോഷത്തോടെയും ആനന്ദത്തോടെയും ജീവിക്കുന്നതിന് ഭൂമിയെ സൃഷ്ടിക്കുകയും സജ്ജമാക്കുകയും ചെയ്തിരിക്കുന്നുവെന്ന് ഈ സൂക്തത്തിൽ നിന്ന് മനസ്സിലാകുന്നു. ജലം, മലകൾ, ജീവജാലങ്ങൾ, സസ്യലതാദികൾ, പ്രത്യക്ഷ്യവും പരോക്ഷവുമായി നന്മകൾ തുടങ്ങിയവ അല്ലാഹു ഭൂമിയിൽ ഒരുക്കിയിരിക്കുന്നു. ഈ അനുഗ്രഹങ്ങളെല്ലാം സംരക്ഷിച്ചു നിലനിർത്തേണ്ടത് മനുഷ്യന്റെ ഉത്തരവാദിത്തമാണ്. അതിന്റെ താളത്തിനും സന്തുലനത്തിനും ഒരു കേടുപാടും വരുത്താതെ ഉപയോഗപ്പെടുത്തേത്തണ്ടതും അവന്റെ ഉത്തരവാദിത്തമാണ്.

വിവേകവും ദീർഘവീക്ഷണവുമില്ലാതെ ഭൂമിക്കുമേലുള്ള മനുഷ്യന്റെ കൈകടത്തൽ മൂലം പ്രാപഞ്ചിക വ്യവസ്ഥയിൽ മാറ്റമുണ്ടായതായി ഇന്ന് നാം കാണുന്നു. ഇത് പ്രകൃതിസംരക്ഷണ മാർഗങ്ങൾക്ക് മുമ്പിൽ തടസ്സം സൃഷ്ടിക്കുകയാണ്. അതുകൊണ്ട് തന്നെ, അല്ലാഹു സൃഷ്ടിച്ച പ്രപഞ്ചത്തെ അതുപോലെ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി ഓരോ വിശ്വാസിയും രംഗത്തിറങ്ങേണ്ടതുണ്ട്.

ഭൂമിയിൽ നാശമുണ്ടാകുന്നതിനുള്ള കാരണം വിശുദ്ധ ക്വുർആൻ വ്യക്തമാക്കുന്നു: "അറിയുക, അത് മനുഷ്യർ ചെയ്തുകൂട്ടിയ അതിക്രമങ്ങളുടെ പരിണതിയാണ്. മനുഷ്യരുടെ കൈകകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവർ ഒരുവേള മടങ്ങിയേക്കാം" (അർറൂം: 41).

ജനങ്ങളുടെ മനസ്സും ചിന്തയും നല്ലതല്ലെങ്കിൽ അതിന്റെ അനന്തരഫലമെന്നത് വിനാശകരവും ദുരന്തപൂർണവുമായിരിക്കും. എന്നാൽ, അല്ലാഹുവിന്റെ കാരുണ്യം അതിവിശാലമാണെന്ന് മനസ്സിലാക്കുക. അത് വിവേകത്തോടെ പ്രവർത്തിക്കുന്നതിനും അറിവില്ലായ്മയിൽനിന്ന് ഉണർന്ന് മുന്നേറുന്നതിനുമായി പശ്ചാത്താപത്തിന്റെ വാതിൽ തുറന്നുകൊടുക്കുന്നു. അതുകൊണ്ടാണ് സൂക്തത്തിന്റെ അവസാനത്തിൽ 'അവർ മടങ്ങിയെങ്കിലോ' എന്ന് വിശുദ്ധ ക്വുർആൻ പറഞ്ഞുവെക്കുന്നത്. ഈ കാണുന്ന പ്രപഞ്ചത്തിലെ മനുഷ്യന്റെ ഉത്തരവാദിത്തങ്ങളെ കുറിച്ച് വ്യക്തമാക്കുന്ന ഒരുപാട് പ്രവാചക വചനങ്ങൾ നമുക്ക് കാണാൻ കഴിയുന്നതാണ്. അല്ലാഹുവിന്റെ റസൂൽﷺ പറയുന്നു: 'നിങ്ങൾ ഓരോരുത്തരും മേൽനോട്ടക്കാരാണ് (സംരക്ഷകരാണ്), നിങ്ങളുടെ മേൽനോട്ടത്തിലുള്ളതിന്റെ (സംരക്ഷണത്തിലുള്ളതിന്റെ) ഉത്തരവാദിത്തം നിങ്ങൾ ഓരോരുത്തർക്കുമാണ്.'

ചുരുങ്ങിയ വാചകമാണെങ്കിലും വിശാലമായ അർഥം ഉൾകൊള്ളുന്ന ഹദീഥിലൂടെ, പ്രപഞ്ചത്തെ സംരക്ഷിച്ചു നിർത്തുന്നതിനും സുരക്ഷിതമാക്കുന്ന

തിനുമുള്ള ഉത്തരവാദിത്തത്തെ കുറിച്ചാണ് പ്രവാചകൻﷺ പറഞ്ഞുവെക്കുന്നത്. അല്ലാഹു സൃഷ്ടിച്ചതിനെ നശിപ്പിക്കുകയും ഇല്ലാതാക്കുകയും ചെയ്യുന്നവരെ അല്ലാഹു അഭിസംബോധന ചെയ്യുന്നത് 'വിനാശകാരികൾ' എന്നാണ്.

"അവർ തിരിച്ചുപോയാൽ ഭൂമിയിൽ കുഴപ്പമുണ്ടാക്കാനും വിള നശിപ്പിക്കാനും ജീവനൊടുക്കാനുമായിരിക്കും ശ്രമിക്കുക. നശീകരണം അല്ലാഹു ഇഷ്ടപ്പെടുന്നതല്ല" (അൽബക്വറ 205).

ഈ ആയത്തിൽ പരാമർശിക്കുന്ന 'ഹർഥ്' എന്നത് കൃഷിയും 'നസ്ൽ' എന്നത് ജീവജാലങ്ങളുമാണ്. അഥവാ ജന്തുലോകത്തെയും സസ്യലോകത്തെയുമാണ് അവർ നശിപ്പിക്കുന്നത്. ഇത് രണ്ടും മനുഷ്യന് അല്ലാഹു നൽകിയ അനുഗ്രഹമായിട്ടാണ് ഇസ്‌ലാം കാണുന്നത്. അവയിലേതെങ്കിലുമൊന്നിന് നാശം വരുത്തകയെന്നാൽ അവൻ അല്ലാഹുവിന്റ അനുഗ്രഹത്തെ നിഷേധിക്കുകയാണ്, മനുഷ്യകുലത്തിന് ഉപദ്രവമേൽപിക്കുകയാണ് ചെയ്യുന്നത്.

### ഇസ്‌ലാമും ജന്തുലോക സംരക്ഷണവും

ജീവജാലങ്ങളോട് കരുണ കാണിക്കാനും അവയെ ഉപദ്രവിക്കാതിരിക്കാനും ഇസ്‌ലാം വിശ്വാസികളോട് നിരന്തരമായി ആവശ്യപ്പെടുന്നു. ചുറ്റുമുള്ളവയോട് മനുഷ്യൻ എങ്ങനെ ഇടപഴകണമെന്നതിനെക്കുറിച്ച് അല്ലാഹു വിശുദ്ധ ക്വുർആനിൽ വിശദമായി പറയുന്നുണ്ട്. അവയിൽ ഉൾപെടുന്നതാണ് ജീവജാലങ്ങളോട് എങ്ങനെ പെരുമാറണമെന്നതും. ജന്തുലോകത്തെ സൃഷ്ടിച്ചതിന്റെ ഉദ്ദേശത്തെ കുറിച്ച് അല്ലാഹു വിവിധങ്ങളായ സൂക്തങ്ങളിലൂടെ വ്യക്തമാക്കുന്നുണ്ട്. അത് ജന്തുലോകത്തെ കുറിച്ച് പഠിക്കാനും അവയെ സംരക്ഷിക്കാനും മനുഷ്യനോട് ആവശ്യപ്പെടുന്നു. കൂടാതെ, എങ്ങനെ അവയെ ഉപയോഗപ്പെടുത്തണമെന്നും വളർത്തണമെന്നും മനുഷ്യനെ പഠിപ്പിക്കുന്നു. അതോടൊപ്പം, വലുപ്പംകൊണ്ട് ചെറുതാണെങ്കിലും, നമ്മുടെ കാഴ്ചയിൽ വലിയ പ്രാധാന്യമില്ലെങ്കിലും ഈ ജന്തുജാലങ്ങളെ കുറിച്ച് ചിന്തിച്ച് അല്ലാഹുവിന്റെ മഹത്ത്വത്തെ തിരിച്ചറിയാനും നമ്മെ ക്ഷണിക്കുന്നുണ്ട്. വിശുദ്ധ ക്വുർആനിലെ പല അധ്യായങ്ങളുടെയും നാമങ്ങൾ ജീവജാലങ്ങളുടെ നാമങ്ങളാണെന്ന് കാണാവുന്നതാണ്. പശു, കന്നുകാലികൾ, ഉറുമ്പ്, തേനീച്ച, ആന, എട്ടുകാലി തുടങ്ങിയവ അതിൽ പെടുന്നു. എല്ലാ ജീവജാലങ്ങളും നമ്മെപ്പോലെ തന്നെയുള്ള വർഗമാണെന്ന്, സമൂഹമാണെന്ന് വിശുദ്ധ ക്വുർആൻ സാക്ഷ്യപ്പെടുത്തുന്നു. ആ വർഗത്തോട്, സമൂഹത്തോട് കരുണകാണിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുകയാണിത്. അല്ലാഹു പറയുന്നു: "ഭൂമിയിലുള്ള ഏതൊരു ജന്തുവും, രണ്ട് ചിറകുകൾ കൊണ്ട് പറക്കുന്ന ഏതൊരു പക്ഷിയും നിങ്ങളെപ്പോലെയുള്ള ചില സമൂഹങ്ങൾ മാത്രമാകുന്നു" (അൽ അൻആം: 38).

അബ്ദുല്ലാഹി ബിൻ മുഗഫ്ഫലി‌ൽനിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽﷺ പറയുന്നു: 'സമുദായങ്ങളിൽപെട്ട ഒരു സമുദായമായിരുന്നില്ലെങ്കിൽ നായകളെ കൊന്നുകളയാൻ ഞാൻ കൽപിക്കുമായിരുന്നു.'

അബൂഹുറയ്‌റ‌യിൽ നിന്ന് നിവേദനം: "ഞാൻ അല്ലാഹുവിന്റെ റസൂൽ പറയുന്നതായി കേട്ടു: 'പ്രവാചകന്മാരിൽ പെട്ട ഒരു പ്രവാചകനെ ഉറുമ്പ് കടിച്ചു. അദ്ദേഹം കൽപിക്കുകയും, ആ ഉറുമ്പ് സമൂഹം ചുട്ടെരിച്ച് ചാമ്പലാക്കപ്പെടുകയും ചെയ്തു. തുടർന്ന് പ്രവാകന് അല്ലാഹു വെളിപാട് നൽകി; താങ്കളെ കടിച്ചത് ഒരു ഉറുമ്പാണ്, താങ്കൾ അല്ലാഹുവിനെ പ്രകീർത്തിക്കുന്ന ആ സമൂഹത്തെ മുഴവൻ ചുട്ടെരിച്ച് ചാമ്പലാക്കിയിരിക്കുന്നു.''

എന്തിനാണ് ജീവജാലങ്ങളെ സൃഷ്ടിച്ചത് എന്ന ചോദ്യത്തിനുള്ള ഉത്തരം വിശുദ്ധ ക്വുർആനിലെ ഒരുപാട് ആയത്തുകളിൽ പലയിടങ്ങളിലായി കാണാൻ കഴിയുന്നു.

അല്ലാഹു പറയുന്നു: "തീർച്ചയായും നിങ്ങൾക്ക് കന്നുകാലികളിൽ ഗുണപാഠമുണ്ട്. അവയുടെ ഉദരങ്ങളിൽനിന്ന് നിങ്ങൾക്ക് നാം കുടിക്കാൻ തരുന്നു. നിങ്ങൾക്ക് അവയിൽ ധാരാളം പ്രയോജനമുണ്ട്. അവയിൽ നിന്ന് (മാംസം) ഭക്ഷിക്കുകയും ചെയ്യുക. അവയുടെ പുറത്തും കപ്പലുകളിലും നിങ്ങൾ വഹിക്കപ്പെടുകയും ചെയ്യുന്നു" (അൽമുഅ്മിനൂൻ: 21, 22)

"കാലികളെയും അവൻ സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾക്ക് അവയിൽ തണുപ്പകറ്റാനുള്ളതും (കമ്പിളി) മറ്റു പ്രയോജനങ്ങളുമുണ്ട്. അവയിൽ നിന്ന് തന്നെ നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു" (അന്നഹ്ൽ: 5).

ജീവജാലങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് മനുഷ്യന് ഉപയോഗപ്പെടുത്തുന്നതിനാണെന്ന് ഈ സൂക്തങ്ങൾ വ്യക്തമാക്കുന്നു. മനുഷ്യൻ അവയിൽനിന്ന് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നു. യാത്രക്ക് ഉപയോഗിക്കുകയും തണുപ്പിനെ പ്രതിരോധിക്കുന്നതനുള്ള കമ്പിളി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ ഈ അനുഗ്രഹങ്ങൾക്ക് അല്ലാഹു

വിന് നന്ദി കാണിക്കുകയും ശരിയായ വിധത്തിൽ അവയെ സംരക്ഷിച്ച് നിർത്തുകയും ചെയ്യേണ്ടതുണ്ട്. അല്ലാഹുവിന് നന്ദി കാണിക്കുകയെന്നത് രണ്ട് തരത്തിലാണ്. ഒന്ന്, അനുഗ്രഹങ്ങൾ നൽകിയ അല്ലാഹുവിനെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യുക. രണ്ട്, അവന്റെ കൽപനകൾക്കും നിർദേശങ്ങൾക്കും വിധേയപ്പെട്ട് ഈ അനുഗ്രഹങ്ങളെ ഉപയോഗപ്പെടുത്തുക.

ജന്തുലോകത്തിന് ഒരു രീതിയിലും ഉപദ്രവമേൽപിക്കരുതെന്ന് ഇസ്‌ലാം എല്ലാ അർഥത്തിലും ഊന്നിപ്പറയുന്നു. ഇമാം മുസ്‌ലിം തന്റെ സ്വഹീഹിൽ ജാബിറി﵁ൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു: "മുഖത്ത് അടയാളം (അടയാളത്തിനായി പൊള്ളിക്കുക) വെക്കപ്പെട്ട ഒരു കഴുതയുടെ അടുക്കലൂടെ പ്രവാചകൻ ﷺ നടന്നു. അപ്പോൾ പ്രവാചകൻ ﷺ പറയുകയുണ്ടായി; 'അടയാളം വെച്ചവനെ അല്ലാഹു ശപിച്ചിരിക്കുന്നു.'

ഇമാം അബൂദാവൂദ് തന്റെ സുനനിൽ അബ്ദുറഹ്‌മാൻ ബിൻ അബ്ദുല്ല﵁യിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു: "ഞങ്ങൾ പ്രവാചകനോടൊപ്പം യാത്രയിലായിരുന്നു. പ്രവാചകൻ ﷺ പ്രാഥമിക ആവശ്യത്തിനായി പോയി. രണ്ട് കുഞ്ഞുങ്ങളോടൊപ്പം ചെറിയൊരു പക്ഷിയെ ഞങ്ങൾ കണ്ടു. ആ രണ്ട് കുഞ്ഞുങ്ങളെയും ഞങ്ങൾ എടുത്തു. ആ പക്ഷി വന്ന് അതിന്റെ ചിറകിട്ടടിച്ചു. അപ്പോൾ പ്രവാചകൻ ﷺ വന്ന് പറഞ്ഞു: 'ആരാണ് ഈ പക്ഷിക്കുഞ്ഞിനെ പ്രയാസപ്പെടുത്തിയത്? അതിന്റെ കുഞ്ഞിനെ അവിടെ തിരിച്ചുകൊണ്ടുപോയി വെക്കുക.'

ഈ രണ്ട് ഹദീഥുകളിൽ നിന്നും ഇസ്‌ലാം മുഴുവൻ ജീവജാലങ്ങളോടും കാണിക്കുന്ന കാരുണ്യത്തിന്റെ അളവ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നു. ജീവജാലങ്ങളെ അനാവശ്യമായി കൊല്ലുകയെന്നത് ഇസ്‌ലാം വലിയ കുറ്റമായി കാണുന്നു; അത് വിലക്കുകയും ചെയ്തിരിക്കുന്നു. കാരണം, അവയെ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത് മനുഷ്യനന്മക്ക് വേണ്ടിയാണ്. അവയെ കൊല്ലുകയെന്നത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിഷേധിക്കുകയെന്നതാണ്. അശ്ശരീദിൽ നിന്ന് ഇമാം നസാഈ റിപ്പോർട്ട് ചെയ്യുന്നു; അദ്ദേഹം പറയുന്നു: 'അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു; ആരെങ്കിലും പക്ഷികളെ അന്യായമായി കൊല്ലുകയാണെങ്കിൽ, അന്ത്യനാളിൽ അവ അല്ലാഹുവിലേക്ക് നിലവിളിച്ചുകൊണ്ട് വരുന്നതായിരിക്കും. എന്നിട്ട് പറയും; രക്ഷിതാവേ, ഇന്നാലിന്ന മനുഷ്യൻ എന്നെ അന്യായമായി കൊലചെയ്തിരിക്കുന്നു. ഒരു ആവശ്യത്തിനും വേണ്ടിയല്ല എന്നെ കൊന്നിരിക്കുന്നത്."

ജീവജാലങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്ന പ്രയോജനങ്ങൾ മുൻനിർത്തിക്കൊണ്ടല്ല ഇസ്‌ലാം അവയോട് അനുകമ്പയും കരുണയും കാണിക്കണമെന്ന് പറയുന്നത്. മറിച്ച്, അവയിൽനിന്ന് പ്രയോജനം ലഭിക്കുന്നില്ലെങ്കിലും വിശ്വാസികൾ അപ്രകാരം അനുകമ്പയോടെ, സ്‌നേഹത്തോടെ വർത്തിക്കാൻ കൽപിക്കപ്പെട്ടിരിക്കുന്നു. ജീവജാലങ്ങളോട് കാണിക്കുന്ന കരുണ സ്വർഗ പ്രവേശനത്തിന് കാരണമാകുന്ന ഒരു അടിസ്ഥാന നിയമമായി ദീനിൽ പരിഗണിക്കപ്പെടുന്നത് നമുക്ക് കാണാൻ കഴിയുന്നു. ഈയൊരു ആശയത്തെ ഊന്നിപ്പറയുന്ന ധാരാളം പ്രവാചക വചനങ്ങളുണ്ട്. അവയിൽപെട്ട ഒരു ഹദീഥാണ് അബൂഹുറയ്‌റ﵁യിൽ നിന്ന് ഇമാം ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്യുന്നത്. അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നു:

"ഒരാൾ യാത്രയിലായിരിക്കെ ദാഹം കഠിനമായി. അയാൾ കിണറ്റിലിറങ്ങി വെള്ളം കുടിച്ച് പുറത്തിറങ്ങി. അപ്പോൾ അദ്ദേഹം ശക്തമായ ദാഹത്താൽ നാവിട്ടടിച്ച് മണ്ണിൽ നക്കുന്ന നായയെ കണ്ടു. അദ്ദേഹം പറഞ്ഞു: 'എനിക്ക് മുമ്പ് വന്നെത്തിയത് ഇതിനും വന്നെത്തിയിരിക്കുന്നു.' അയാൾ തന്റെ കാലുറയിൽ വെള്ളംനിറച്ച്, അത് വായയിൽ കടിച്ചുപിടിച്ച് കയറിവരികയും നായക്ക് വെള്ളം കൊടുക്കുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന്റെ പ്രവർത്തനം സ്വീകരിക്കുകയും അദ്ദേഹത്തിന് പൊറുത്തുകൊടുക്കുയും ചെയ്തു. അവർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, കന്നുകാലികളിൽ ഞങ്ങൾക്ക് പ്രതിഫലമുണ്ടോ?' പ്രവാചകൻ ﷺ പറഞ്ഞു: 'എല്ലാ ജീവനുള്ളതിലും പ്രതിഫലമുണ്ട്.'

എന്നാൽ ഒരു മനുഷ്യൻ ജീവജാലങ്ങളെ കഷ്ടപ്പെടുത്തുകയും ഉപദ്രവിക്കുകയുമാണെങ്കിൽ അത് കാരണമായി അല്ലാഹു അവനെ പരലോകത്ത് ശിക്ഷിക്കുന്നതാണ്. ഇമാം മുസ്‌ലിം അബൂഹുറയ്‌റ﵁യിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു. അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: ഒരു സ്ത്രീ അവരുടെ പൂച്ച കാരണമായി നരകത്തിൽ പ്രവേശിച്ചു. അവർ ഭക്ഷണം നൽകാതെ പൂച്ചയെ കെട്ടിയിട്ടു; അഴിച്ചുവിട്ടില്ല. മണ്ണിൽ നിന്ന് അത് പെറുക്കി തിന്നു, അവസാനം പട്ടിണി കിടന്ന് ചത്തുപോയി.'

**(അടുത്ത ലക്കത്തിൽ: ഇസ്‌ലാമും സസ്യലോക സംരക്ഷണവും)**



ഡോ. ജൗസൽ
jauzalcp@gmail.com

കവർ സ്റ്റോറി

# പ്രപഞ്ച പഠനം ക്വുർആനിക പരിപ്രേക്ഷ്യത്തിൽ

**ക്വുർആൻ അല്ലാഹുവിന്റെ വചനങ്ങളാണ്, ശാസ്ത്രം അല്ലാഹുവിന്റെ സൃഷ്ടിപ്പിന്റെ വിശദീകരണവും. സ്ഥൂല പ്രപഞ്ചത്തിലും സൂക്ഷ്മ പ്രപഞ്ചത്തിലും മനുഷ്യ ധിഷണ ചെന്നെത്താത്ത ഒരുപാട് മേഖലകൾ ഇനിയുമുണ്ട് എന്നും നിലവിലുള്ള യാതൊരു ഉപകരണവും അതിനെ അനാവരണം ചെയ്യാൻ പര്യാപ്തമല്ല എന്നും പഠിപ്പിക്കപ്പെടുമ്പോഴാണ് സ്രഷ്ടാവിന്റെ മഹത്വം നമുക്ക് ബോധ്യപ്പെടുന്നത്.**

പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു മനുഷ്യർക്ക് സൻമാർഗ ദർശനമായി അവതരിപ്പിച്ച വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. അന്തിമദൂതനായ മുഹമ്മദ് നബിﷺക്ക് അവതരിപ്പിക്കപ്പെട്ട അവസാനത്തെ വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. യാതൊരുവിധ മാറ്റത്തിരുത്തലുകളും കൂടാതെ ആയിരത്തി നാനൂറിലധികം വർഷങ്ങളായി വിശുദ്ധ ക്വുർആൻ നിലകൊള്ളുന്നു. അതിവിശാലമായ ഈ പ്രപഞ്ചത്തെയും മനുഷ്യനടക്കമുള്ള എല്ലാ ചരാചരങ്ങളെയും സൃഷ്ടിച്ച അല്ലാഹുവിന്റെ വചനങ്ങളാണ് ക്വുർആൻ എന്ന് ക്വുർആൻ തന്നെ പറയുന്നതായി കാണാം.

ലോകരക്ഷിതാവായ അല്ലാഹുവിനെ മാത്രമെ ആരാധിക്കുവാൻ പാടുള്ളൂ എന്നും ധർമവും അധർമവും എന്താണ് എന്നും പഠിപ്പിക്കുകയും, വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് മരണാനന്തരം ലഭിക്കാനുള്ള സ്വർഗത്തെ പറ്റിയുള്ള സുവിശേഷം അറിയിക്കുകയും, അധർമകാരികൾക്ക് മരണാനന്തരം ലഭിക്കാനുള്ള നരകത്തെ പറ്റിയുള്ള താക്കീത് നൽകുകയും ചെയ്യുന്ന ഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. ക്വുർആൻ ഒരിക്കലും ഒരു ശാസ്ത്ര ഗ്രന്ഥമല്ല, അഥവാ ഒരു സയൻസ് ടെക്സ്റ്റ് ബുക്ക് അല്ല. എന്നാൽ ഈ കുർആൻ അവതരിപ്പിച്ചത് ലോകരക്ഷിതാ

വായ അല്ലാഹുവാണ് എന്നുള്ളത് കൊണ്ട് തന്നെ ഇതിൽ യാതൊരു തരത്തിലുള്ള ശാസ്ത്രീയമായ അബദ്ധങ്ങളും ഉണ്ടാവാൻ പാടുള്ളതല്ല. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ ശാസ്ത്രം വളരെ കൃത്യമായി തെളിയിച്ച ശാസ്ത്ര സത്യങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾ ക്വുർആനിൽ ഉണ്ടാവാൻ പാടില്ല. ഉണ്ടെന്ന് തെളിയിക്കുവാൻ വിമർശകർക്ക് സാധിച്ചിട്ടുമില്ല. ശാസ്ത്രം ഇന്നു പറഞ്ഞ പല കാര്യങ്ങളും നാളെ മാറ്റിപ്പറഞ്ഞേക്കാം. എന്നാൽ ക്വുർആൻ പറഞ്ഞ ശാസ്ത്ര സൂചനയുള്ള കാര്യങ്ങൾ ശാസ്ത്ര വിരുദ്ധമോ മനുഷ്യനുമായി ബന്ധപ്പെട്ടു പറഞ്ഞ കാര്യങ്ങൾ മാനവികവിരുദ്ധമോ അല്ലാത്തതിനാൽ മാറ്റത്തിരുത്തലുകൾ ആവശ്യമായി വരുന്ന ഗ്രന്ഥമല്ല. അതിന് സൃഷ്ടികളിൽ ആർക്കും അവകാശവുമില്ല.

പ്രപഞ്ചോൽപത്തിയുമായി ബന്ധപ്പെട്ട ക്വുർആൻ വചനങ്ങൾ മനസ്സിലാക്കുവാനും അതിന്റെ ശാസ്ത്രീയമായ കൃത്യത എത്രത്തോളമുണ്ടെന്ന് പരിശോധിക്കുവാനുള്ള ഒരു എളിയ ശ്രമമാണ് ഇവിടെ നടത്തുന്നത്.

ഈ പ്രപഞ്ചം എങ്ങനെയാണ് ഉണ്ടായത് എന്ന് അറിയാൻ മനുഷ്യൻ പൗരാണികകാലം മുതൽ ശ്രമിച്ചുവന്നിട്ടുണ്ട്. തുടക്കവും ഒടുക്കവും ഇല്ലാത്ത പ്രപഞ്ചത്തെപ്പറ്റി പ്രാചീനകാലത്തു തന്നെ അരിസ്റ്റോട്ടിൽ ഉൾപ്പെടെ പലരും ചിന്തിച്ചിരുന്നു. പ്രപഞ്ചത്തിന് പ്രത്യേകിച്ച് ഒരു തുടക്കവും ഇല്ല, അഥവാ അനാദിയിൽ തന്നെ ഈ പ്രപഞ്ചം ഇതുപോലെ തന്നെ ഉണ്ട്. പ്രപഞ്ചത്തിന് പ്രത്യേകിച്ച് ഒരു അവസാനവും ഇല്ല, ഇതേപോലെ തുടർന്ന് നിലനിൽക്കുകയും ചെയ്യും എന്നുള്ള ഒരു വീക്ഷണമായിരുന്നു അരിസ്റ്റോട്ടിലിനെ പോലെയുള്ള തത്ത്വചിന്തകൻമാർക്ക് ഉണ്ടായിരുന്നത്.

ഫ്രെഡ് ഹോയ്ൽ, തോമസ് ഗോൾഡ്, ഹെർമൻ ബോണ്ടി എന്നിവർ ചേർന്ന് 1948ൽ വികസിപ്പിച്ചതാണ് 'സ്ഥിരസ്ഥിതി സിദ്ധാന്തം' (Steady state theory). പ്രപഞ്ചത്തിനു തുടക്കമോ ഒടുക്കമോ ഇല്ല എന്നതാണ് ഈ സിദ്ധാന്തം മുന്നോട്ടുവച്ചവരും ഉന്നയിച്ചത്. പിൽക്കാലത്ത് വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഈ സിദ്ധാന്തം തെറ്റാണെന്ന് തെളിയിക്കപ്പെട്ടു.

പ്രപഞ്ചോൽപത്തിയുമായി ബന്ധപ്പെട്ട് ശാസ്ത്രലോകം ഇന്ന് അംഗീകരിച്ചിട്ടുള്ള സിദ്ധാന്തമാണ് ബിഗ് ബാങ് തിയറി. ഒരു തിയറി എന്നതിനുമപ്പുറം ശാസ്ത്രീയമായി തെളിയിക്കപ്പെട്ട ഒരു ശാസ്ത്രസത്യം തന്നെയാണ് ഇന്ന് ബിഗ് ബാങ് തിയറി.

ഏതാണ്ടു 1380 കോടി വർഷം മുമ്പ് ഒരു മഹാവിസ്ഫോടനം സംഭവിച്ചു. അതിനു മുമ്പ് ഒന്നുമില്ലായിരുന്നു. ഭൂമിയില്ല, നക്ഷത്രങ്ങളില്ല, ബഹിരാകാശമില്ല. ശൂന്യത എന്നു പോലും പറയാനാവില്ല; കാരണം ശൂന്യമാവാൻ ഒരു സ്ഥലമെങ്കിലും വേണ്ടേ! സ്ഥലമില്ല, വായുവില്ല, ശബ്ദമില്ല! ഈ ഒന്നുമില്ലാത്ത അവസ്ഥയിൽ ഒരു വിസ്ഫോടനം; അത് ക്വാണ്ടം ബലതന്ത്രപരമായ ഒരു സാധ്യത മാത്രമാണ്. സാധാരണ ഭാഷയിൽ അതു വിശദീകരിക്കാൻ എളുപ്പമല്ല. പക്ഷേ, പ്രപഞ്ചോൽപത്തി പോലുള്ള കാര്യങ്ങൾ നമ്മുടെ ദൈനംദിന അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കാനാകും എന്നു പ്രതീക്ഷിക്കരുത് എന്നു ശാസ്ത്രജ്ഞർ ഓർമിപ്പിക്കുന്നു.

പ്രപഞ്ചവും സമയവും സൃഷ്ടിക്കപ്പെടുന്നതിന്റെ ആരംഭമാണ് ബിഗ് ബാങ്. ബിഗ് ബാങിനു മുമ്പ് സ്പേസ് ടൈം ഇല്ല. ഒന്നുമില്ലാത്ത അവസ്ഥയിൽ നിന്നും പൊടുന്നനെ പ്രപഞ്ച സൃഷ്ടിപ്പ് ആരംഭിക്കുന്നു അതാണ് ബിഗ് ബാങ്. വിശുദ്ധ ക്വുർആൻ 1400 വർഷങ്ങൾക്കു മുമ്പ് പ്രസ്താവിച്ചു:

"ആകാശങ്ങളെയും ഭൂമിയെയും മുൻമാതൃകയില്ലാതെ നിർമിച്ചവനത്രെ അവൻ. അവനൊരു കാര്യം തീരുമാനിച്ചാൽ ഉണ്ടാകൂ എന്ന് പറയുക മാത്രമെ വേണ്ടതുള്ളൂ. ഉടനെ അതുണ്ടാകുന്നു"(2:117).





ഈ വചനത്തിൽ 'മുൻമാതൃകയില്ലാതെ നിർമിച്ചവൻ' എന്ന അർഥത്തിൽ 'ബദീഅ്' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. 'ബദഅ' എന്ന അറബിപദത്തിന്റെ അർഥം 'മുമ്പ് ഇല്ലാത്ത ഒന്നിനെ ഉണ്ടാക്കുക' എന്നുള്ളതാണ്. മുസ്‌ലിംകൾക്കിടയിൽ സുപരിചിതമായ 'ബിദ്അത്ത്' എന്ന പദം ഈ ഒരു ധാതുവിൽനിന്ന് ഉണ്ടായതാണ്. മതത്തിൽ ഇല്ലാത്ത ഒരു കാര്യം പുതുതായി ഉണ്ടാക്കുന്നതിനെയാണ് ബിദ്അത്ത് എന്ന് പറയുന്നത്.

'ബദീഉസ്സമാവാതി വൽ അർദ്' അഥവാ ഒന്നുമില്ലാത്ത അവസ്ഥയിൽ നിന്നും സമാവാതും അർദും സൃഷ്ടിച്ചവൻ. 'സമാവാത്' എന്നത് 'സമാഅ്' എന്ന പദത്തിന്റെ ബഹുവചനമാണ്. മലയാള പരിഭാഷകളിൽ സാധാരണയായി ആകാശങ്ങൾ എന്നാണ് പരിഭാഷ കൊടുക്കാറ്. സമാഅ് എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത് പ്രപഞ്ചം അഥവാ സ്പേസ്; യൂണിവേഴ്സ് അല്ലെങ്കിൽ കോസ്മോസ് ആണ് എന്ന് താഴെ വരുന്ന വിശദീകരണത്തിൽനിന്നും നമുക്ക് മനസ്സിലാക്കാം. അല്ലാഹു പറയുന്നു:

"ഏറ്റവും അടുത്ത ആകാശത്തെ നാം ചില വിളക്കുകൾകൊണ്ട് അലങ്കരിച്ചിരിക്കുന്നു..." (ക്വുർആൻ 67:5).

"അങ്ങനെ രണ്ടുദിവസ(ഘട്ട)ങ്ങളിലായി അവയെ അവൻ ഏഴു ആകാശങ്ങളാക്കിത്തീർത്തു. ഓരോ ആകാശത്തിലും അതാതിന്റെ കാര്യം അവൻ നിർദേശിക്കുകയും ചെയ്തു. സമീപത്തുള്ള ആകാശത്തെ നാം ചില വിളക്കുകൾകൊണ്ട് അലങ്കരിക്കുകയും സംരക്ഷണം ഏർപെടുത്തുകയും ചെയ്തു. പ്രതാപശാലിയും സർവജ്ഞനുമായ അല്ലാഹു വ്യവസ്ഥപ്പെടുത്തിയതത്രെ അത്'' (ക്വുർആൻ 41:12).

ഏറ്റവുമടുത്ത 'സമാഇ'നെ നക്ഷത്രങ്ങൾകൊണ്ട് അലങ്കരിച്ചിരിക്കുന്നു എന്നാണു ക്വുർആൻ വിശേഷിപ്പിച്ചത്. നക്ഷത്രങ്ങൾ ഉള്ള ഈ പ്രപഞ്ചത്തെ അല്ലെങ്കിൽ സയൻസിന്റെ ഭാഷയിൽ സ്പേസിനെ ഉദ്ദേശിച്ചാണ് ഒന്നാം ആകാശം അഥവാ 'സമാഅദ്ദുൻയാ' എന്ന് ക്വുർആൻ വിശേഷിപ്പിക്കുന്നത്. ബിഗ് ബാങ് അഥവാ ആദി സൃഷ്ടിപ്പിന്റെ ഫലമായി ഈയൊരു പ്രപഞ്ചത്തെ കൂടാതെ മറ്റു 6 പ്രപഞ്ചങ്ങൾ കൂടി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്നാണ് വിശുദ്ധ ക്വുർആൻ പറയുന്നത്. അഥവാ നക്ഷത്രങ്ങളും ഗാലക്സികളും ഉള്ള ഈയൊരു പ്രപഞ്ചത്തിന് പുറമെ മറ്റ് ആറ് പ്രപഞ്ചങ്ങൾ കൂടി. ഈ ആറു പ്രപഞ്ചങ്ങൾ എങ്ങനെയാണ് എന്ന് നമുക്ക് അറിയില്ല. ഒന്നാം പ്രപഞ്ചത്തിൽ നക്ഷത്രങ്ങൾ നിറക്കപ്പെട്ടിരിക്കുന്നു എന്ന് മാത്രമെ നമുക്കറിയൂ. ബിഗ് ബാങിന്റെ ഫലമായി ഈയൊരു യൂണിവേഴ്സ് കൂടാതെ നക്ഷത്രങ്ങളില്ലാത്ത, മറ്റെന്തൊക്കെയോ ഉള്ള ആറ് വ്യത്യസ്ത പ്രപഞ്ചങ്ങൾ കൂടി ഉണ്ടായിട്ടുണ്ടെന്നാണ് വിശുദ്ധ ക്വുർആൻ പ്രസ്താവിക്കുന്നത്. ക്വുർആൻ 67:3ൽ ഇങ്ങനെ കാണാം:


"ഏഴു ആകാശങ്ങളെ അടുക്കുകളായി സൃഷ്ടിച്ചവനാകുന്നു അവൻ. പരമകാരുണികന്റെ സൃഷ്ടിപ്പിൽ യാതൊരു ഏറ്റക്കുറവും നീ കാണുകയില്ല. എന്നാൽ നീ ദൃഷ്ടി ഒന്നുകൂടി തിരിച്ചു കൊണ്ടുവരൂ. വല്ല വിടവും നീ കാണുന്നുണ്ടോ?"

ഒന്നും ഇല്ലാതിരുന്ന അവസ്ഥയിൽ അല്ലാഹുവിന്റെ 'കുൻ' (ഉണ്ടാവുക) എന്ന ഒരു വചനത്തോടുകൂടി പൊടുന്നനെ ലോകത്തിന്റെ സൃഷ്ടിപ്പ് ആരംഭിക്കുന്നു. 7 സമാവാതുകളുടെ അഥവാ 7 യൂണിവേഴ്സുകളുടെ സൃഷ്ടിപ്പിനു തുടക്കമാവുന്നു.

ക്വുർആൻ പറഞ്ഞ പ്രപഞ്ചസൃഷ്ടിപ്പിൽ നമുക്ക് അറിവുള്ള ഈയൊരു ദൃശ്യപ്രപഞ്ചത്തിനു പുറമെ മറ്റു ആറു പ്രപഞ്ചങ്ങൾ കൂടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഒന്നിനു മുകളിൽ ഒന്നായിക്കൊണ്ട് 7 വ്യത്യസ്ത സമാവാതുകൾ; ഏഴ് വ്യത്യസ്ത പ്രപഞ്ചങ്ങൾ. (multiverse which contains 7 universes).

നമ്മൾ സാധാരണയായി കേട്ടുകൊണ്ടിരിക്കുന്ന ഒരു ആക്ഷേപമാണ് 'ശാസ്ത്രം എന്തെങ്കിലും പുതിയ കാര്യം കണ്ടുപിടിച്ചാൽ ഉടനെ മതത്തിന്റെ വക്താക്കൾ ഇക്കാര്യം ഞങ്ങളുടെ കിതാബിൽ പണ്ടേ പറഞ്ഞിട്ടുണ്ട് എന്ന് പറയും. എന്തുകൊണ്ടാണ് നിങ്ങൾ കാര്യങ്ങൾ കണ്ടുപിടിക്കുന്നതിനു മുമ്പേ തന്നെ പറയാത്തത്' എന്നത്. വിശുദ്ധ ക്വുർആൻ ആവർത്തിച്ചാവർത്തിച്ച് പലയിടങ്ങളിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുള്ള കാര്യമാണ് അല്ലാഹു 7 സമാവാതുകൾ സൃഷ്ടിച്ചു എന്നുള്ളത്. ഇതുവരെ ശാസ്ത്രം അത്തരമൊരു കാര്യം കണ്ടുപിടിച്ചിട്ടില്ല.

Multiverse hypothesis അഥവാ ബഹുപ്രപഞ്ചത്തിന് ഉള്ള സാധ്യതകൾ ഉണ്ട് എന്ന് വിശ്വസിക്കുന്ന ധാരാളം ശാസ്ത്രജ്ഞർ ഉണ്ട്. ഈയിടെ അന്തരിച്ച വിശ്വപ്രസിദ്ധ ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിങ് multiverse ഉണ്ടാവാം എന്ന് വിശ്വസിക്കുന്ന ആളായിരുന്നു. Multiverse അഥവാ ബഹുപ്രപഞ്ചങ്ങൾ ഉണ്ടാവാൻ സാധ്യതയില്ല എന്നും വിശ്വസിക്കുന്ന ഒരുപാട് ശാസ്ത്രജ്ഞർ ലോകത്തുണ്ട്. പറഞ്ഞുവന്നത് ഇതാണ്; ഇതുവരെ ഇങ്ങനെയൊരു കാര്യം കണ്ടുപിടിച്ചിട്ടില്ല. ഇപ്പോഴുള്ള അറിവുകളും പരീക്ഷണ നിരീക്ഷണങ്ങൾ നടത്താനുള്ള ശാസ്ത്ര സംവിധാനങ്ങളും ബഹുപ്രപഞ്ചങ്ങൾ കണ്ടുപിടിക്കാൻ മാത്രം പര്യാപ്തമല്ല. ഭാവിയിൽ ഒരു പക്ഷേ, ശാസ്ത്രം ആ മേഖലയിൽ കൂടുതൽ വസ്തുതകൾ കണ്ടുപിടിച്ചേക്കാം എന്ന് മാത്രം അനുമാനിക്കാം. വിശുദ്ധ ക്വുർആൻ മൾട്ടി വേഴ്സ് ഉണ്ടെന്നു പറയുക മാത്രമല്ല, അതിന്റെ എണ്ണം വരെ വളരെ കൃത്യമായി പ്രസ്താവിക്കുന്നു.



ഒന്നാം പ്രപഞ്ചത്തെക്കുറിച്ച് പ്രസ്താവിച്ച ഇടത്ത് അതിനെ നക്ഷത്രങ്ങൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു എന്ന് ക്വുർആൻ പ്രസ്താവിച്ചത് നാം കണ്ടു. മറ്റു പ്രപഞ്ചങ്ങളുടെ ഭൗതിക അവസ്ഥയെപ്പറ്റി ക്വുർആനിൽ പ്രസ്താവിച്ചിട്ടില്ല. ഒരുപക്ഷേ, നമുക്ക് അറിയാവുന്ന ഈയൊരു പ്രാപഞ്ചിക വ്യവസ്ഥയിൽ നിന്നും പാടെ വ്യത്യസ്തമായ അവസ്ഥകൾ ആയിരിക്കാം മറ്റു ആറു പ്രപഞ്ചത്തിലും ഉള്ളത്.

7 സമാവാതുകൾ സൃഷ്ടിച്ചതിനെപ്പറ്റി ധാരാളം ക്വുർആൻ വചനങ്ങൾ നമുക്ക് കാണാവുന്നതാണ്. അവയിൽ ചിലത് കാണുക:

"അവനാണ് നിങ്ങൾക്കു വേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചുതന്നത്. പുറമെ ഏഴ് ആകാശങ്ങളായി ക്രമീകരിച്ചുകൊണ്ട് ഉപരിലോകത്തെ സംവിധാനിച്ചവനും അവൻ തന്നെയാണ് . അവൻ എല്ലാ കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു" (2:29).


"ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളവരും അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നു. യാതൊരു വസ്തുവും അവനെ സ്തുതിച്ചുകൊണ്ട്(അവന്റെ) പരിശുദ്ധിയെ പ്രകീർത്തിക്കാത്തതായി ഇല്ല. പക്ഷേ, അവരുടെ കീർത്തനം നിങ്ങൾ ഗ്രഹിക്കുകയില്ല. തീർച്ചയായും അവൻ സഹനശീലനും ഏറെ പൊറുക്കുന്നവനുമാകുന്നു"(17:44).

"നിങ്ങൾ കണ്ടില്ലേ; എങ്ങനെയാണ് അല്ലാഹു അടുക്കുകളായിട്ട് ഏഴ് ആകാശങ്ങൾ സൃഷ്ടിച്ചിരിക്കുന്നത് എന്ന്" (71:15).

"നിങ്ങൾക്കു മീതെ ബലിഷ്ഠമായ ഏഴു ആകാശങ്ങൾ നാം നിർമിക്കുകയും..." (78:12).

"നീ ചോദിക്കുക: ഏഴ് ആകാശങ്ങളുടെ രക്ഷിതാവും മഹത്തായ സിംഹാസനത്തിന്റെ രക്ഷിതാവും ആരാകുന്നു?" (23:86).

ബിഗ് ബാങ് എന്നുള്ളത് പ്രപഞ്ചങ്ങളുടെ നിർമാണത്തിലെ ഏറ്റവും ആദ്യത്തെ സ്റ്റെപ്പ് മാത്രമാണ്. ബിഗ് ബാങിനു ശേഷം സ്പേസ് ഉണ്ടാകുന്നു, സമയം ഉണ്ടാകുന്നു, പദാർഥങ്ങൾ ഉണ്ടാകുന്നു. ബിഗ് ബാങിനു ശേഷം ഒരു




നിമിഷത്തിലെ വളരെ വളരെ ചെറിയ അംശത്തിൽ പ്രപഞ്ചം വളരെയധികം വികസിക്കുകയുണ്ടായി. Inflation എന്നറിയപ്പെടുന്ന ഈ പ്രതിഭാസം നടന്നത് പ്രകാശത്തെക്കാൾ വളരെയധികം വേഗതയിലാണ്. സ്പേസ് തന്നെ വികസിക്കുകയാണ് ഉണ്ടായത്. ശുദ്ധ ശൂന്യതയിൽനിന്നും അല്ലെങ്കിൽ ഒന്നുമില്ലായ്മയിൽനിന്നും വെറും 10-34 സെക്കൻഡിൽ ഒരു ഗോൾഫ് പന്തിന്റെ വലുപ്പത്തിൽ എത്തി. ബിഗ് ബാങിന് ശേഷമുള്ള ആദ്യത്തെ സെക്കൻഡിൽ തന്നെ പ്രപഞ്ചം മുഴുവൻ ന്യൂട്രോണുകൾ, പ്രോട്ടോണുകൾ, ഇലക്ട്രോണുകൾ, ആന്റി ഇലക്ട്രോണുകൾ, ന്യൂട്രിനോകൾ തുടങ്ങിയ സബ് ആറ്റോമിക് പാർട്ടിക്കിളുകൾകൊണ്ട് നിറഞ്ഞു.

ബിഗ് ബാങിന്റെ ആദ്യ മിനിറ്റുകളിൽ തന്നെ സബ് ആറ്റോമിക് പാർട്ടിക്കിളുകൾ-ന്യൂട്രോണുകളും പ്രോട്ടോണുകളും-കൂടിച്ചേർന്ന് ആറ്റങ്ങളുടെ ന്യൂക്ലിയസ് ഉണ്ടാവാൻ ആരംഭിച്ചു. ഏറ്റവും ചെറിയ ആറ്റം ആയ ഹൈഡ്രജന്റെയും ഹൈഡ്രജന്റെ ഐസോടോപ് ആയ ഡ്യൂട്ടീരിയത്തിന്റെയും ഹീലിയത്തിന്റെയും ലിഥിയത്തിന്റെയുമെല്ലാം ന്യൂക്ലിയസുകൾ ഉണ്ടാവാൻ ആരംഭിച്ചു. ഇത് ബിഗ് ബാങ് ന്യൂക്ലിയോ സിന്തസിസ് എന്നാണ് അറിയപ്പെടുന്നത്.

പ്രപഞ്ചോൽപത്തിയുടെ ആദ്യ സെക്കൻഡുകളിൽ ഉണ്ടായിരുന്ന അതിശക്തമായ ഊഷ്മാവ് ഏതാനും മിനിറ്റുകൾക്കകം വളരെയധികം കുറഞ്ഞു. പ്രപഞ്ചോൽപത്തിയുടെ ആദ്യ 20 മിനിറ്റിനു ശേഷം പ്രപഞ്ചം ന്യൂക്ലിയാർ ഫ്യൂഷന് അനുയോജ്യമല്ലാത്ത അളവിലേക്ക് ഊഷ്മാവ് കുറഞ്ഞെങ്കിലും അതിശക്തമായ ഉഷ്മാവ് തന്നെയായിരുന്നു ആദിപ്രപഞ്ചത്തിന് ഉണ്ടായിരുന്നത്. ഈ അതിശക്തമായ ഊഷ്മാവിൽ ന്യൂട്രൽ ആറ്റങ്ങൾ ഉണ്ടാവുക അസാധ്യമായിരുന്നു. ആറ്റങ്ങൾ പ്ലാസ്മാവസ്ഥയിലായിരുന്നു. ഇലക്ട്രോണുകളും പ്രോട്ടോണുകളുമെല്ലാം ചിതറിത്തെറിച്ച പ്ലാസ്മ രൂപത്തിലായിരുന്നു. ഈ പ്ലാസ്മ അവസ്ഥയിൽ പ്രകാശകണികകളായ ഫോട്ടോണുകൾക്ക് സഞ്ചരിക്കുവാൻ സാധിക്കുമായിരുന്നില്ല. അതുകൊണ്ടുതന്നെ ആദ്യ 20 മിനിറ്റ് മുതൽ ഏകദേശം മൂന്നു ലക്ഷത്തി എൺപതിനായിരം വർഷങ്ങൾ വരെ പ്രപഞ്ചം വെളിച്ചമില്ലാത്ത ഒരു വലിയ ഇരുണ്ട പുക രൂപത്തിലായിരുന്നു. ബിഗ് ബാങിനു ശേഷം ഏകദേശം 380000 വർഷങ്ങൾക്കുശേഷം പ്രപഞ്ചം തണുക്കുകയും പ്രോട്ടോണും ന്യൂട്രോണും അടങ്ങിയ ന്യൂക്ലിയസിനു ചുറ്റും ഇലക്ട്രോണുകൾ കൂടിച്ചേരുകയും ന്യൂട്രൽ ആറ്റങ്ങൾ രൂപം കൊള്ളാൻ തുടങ്ങുകയും ചെയ്തു. recombination എന്നാണ് ഇത് അറിയപ്പെടുന്നത്. ന്യൂട്രൽ ആറ്റങ്ങൾ പ്രകാശത്തെ അഥവാ ഫോട്ടോണുകളെ കടത്തിവിടുന്ന സ്വഭാവമുള്ളതാണ്. അങ്ങനെ ബിഗ് ബാങിന്റെ ഫലമായി ഉണ്ടായ ഫോട്ടോണുകൾ പുറത്തേക്ക് ദൃശ്യമാകാൻ തുടങ്ങി. കോസ്മിക് മൈക്രോവേവ് ബാക്ക്ഗ്രൗണ്ട് റേഡിയേഷൻ ഇങ്ങത്ത എന്നാണ് ബിഗ് ബാങിന്റെ ആദ്യഘട്ടത്തിൽ ഉണ്ടായ ഈയൊരു ഒരു റേഡിയേഷൻ അറിയപ്പെടുന്നത്. അമേരിക്കൻ ശാസ്ത്രജ്ഞരായ Arno Penziasഉം റോബർട്ട് വിൽസണും 1964ലാണ് കോസ്മിക് മൈക്രോവേവ് ബാക്ക്ഗ്രൗണ്ട് റേഡിയേഷൻ ആദ്യമായി കണ്ടുപിടിക്കുന്നത്. 1978ൽ ഈ കണ്ടുപിടുത്തത്തിന് ഇവർക്ക് ഫിസിക്സിലെ നോബൽ സമ്മാനം ലഭിക്കുകയുണ്ടായി.

പ്രപഞ്ച സൃഷ്ടിപ്പിന്റെ ആദ്യഘട്ടത്തിൽ ആദിപ്രപഞ്ചം ഒരു പുക രൂപത്തിലായിരുന്നു എന്നുള്ളത് ആധുനിക കാലഘട്ടത്തിൽ മാത്രം കണ്ടുപിടിക്കപ്പെട്ട ഒരു കാര്യമാണ്. 1400 വർഷങ്ങൾക്ക് മുമ്പ് നിരക്ഷരനായ ഒരു മനുഷ്യന്റെ നാവിലൂടെ വെളിവാക്കപ്പെട്ട വിശുദ്ധ ക്വുർആനിൽ നമുക്ക് ഇങ്ങനെ കാണാം:

“അതിനു പുറമെ അവൻ ആകാശത്തിന്റെ നേർക്ക് തിരിഞ്ഞു. അത് ഒരു പുകയായിരുന്നു. എന്നിട്ട് അതിനോടും ഭൂമിയോടും അവൻ പറഞ്ഞു: നിങ്ങൾ അനുസരണപൂർവമോ നിർബന്ധിതമായോ വരിക. അവ രണ്ടും പറഞ്ഞു: ഞങ്ങളിതാ അനുസരണമുള്ളവരായി വന്നിരിക്കുന്നു. അങ്ങനെ രണ്ടുദിവസ(ഘട്ട)ങ്ങളിലായി അവയെ അവൻ ഏഴു ആകാശങ്ങളാക്കിത്തീർത്തു. ഓരോ ആകാശത്തിലും അതാതിന്റെ കാര്യം അവൻ നിർദേശിക്കുകയും ചെയ്തു. സമീപത്തുള്ള ആകാശത്തെ നാം ചില വിളക്കുകൾ കൊണ്ട് അലങ്കരിക്കുകയും സംരക്ഷണം ഏർപെടുത്തുകയും ചെയ്തു. പ്രതാപശാലിയും സർവജ്ഞനുമായ അല്ലാഹു വ്യവസ്ഥപ്പെടുത്തിയതത്രെ അത്” (41:11,12).

വിശുദ്ധ ക്വുർആൻ മനുഷ്യ വചനങ്ങളല്ല എന്നും പ്രപഞ്ച സ്രഷ്ടാവിന്റെ വചനങ്ങളാണെന്നും നമ്മെ ബോധ്യപ്പെടുത്തുന്നു തെളിവുകളാണ് ഈ വചനങ്ങൾ.

പുക രൂപത്തിലായിരുന്ന ആദിപ്രപഞ്ചത്തെ രണ്ട് ഘട്ടങ്ങളിലായി ഏഴ് വ്യത്യസ്ത പ്രപഞ്ചങ്ങൾ ആക്കി ഒന്നിനു മുകളിൽ ഒന്നായിക്കൊണ്ട് അല്ലാഹു സംവിധാനിച്ചു. നേരത്തെ പറഞ്ഞ പോലെ ഏഴ് വ്യത്യസ്ത പ്രപഞ്ചങ്ങൾ ഉള്ള മൾട്ടി വേഴ്സ്. ഏറ്റവും താഴെയുള്ള നമ്മുടെ ദൃശ്യപ്രപഞ്ചത്തിൽ നക്ഷത്രങ്ങൾ സ്ഥാപിക്കുകയും ചെയ്തു എന്ന് കൃത്യമായി തന്നെ മുകളിൽ പറഞ്ഞ ക്വുർആൻ ആയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നക്ഷത്രങ്ങൾ ഉള്ള നമ്മുടെ ഈ ദൃശ്യപ്രപഞ്ചവും അതിനുപുറമെ തികച്ചും വ്യത്യസ്തമായ മറ്റ് ആറു പ്രപഞ്ചങ്ങളും അതിൽ വ്യത്യസ്തങ്ങളായ പ്രാപഞ്ചിക വ്യവസ്ഥകളും ഉണ്ടെന്നും ക്വുർആൻ വചനം സൂചന നൽകുന്നുണ്ട്.

ഇങ്ങനെ വ്യത്യസ്തമായ 7 പ്രപഞ്ചങ്ങൾ ഒന്നിനുമുകളിൽ ഒന്നായി അടുക്കിവച്ചിരിക്കുന്നു എന്ന ക്വുർആനിന്റെ പ്രയോഗത്തിൽ നിന്ന് തന്നെ പ്രപഞ്ചങ്ങളുടെ രൂപം പരന്നത്, അഥവാ ഫ്ളാറ്റ് ആയതാണ് എന്ന് നമുക്ക് മനസ്സിലാക്കാം. ഇവിടെ നമ്മൾ മനസ്സിലാക്കേണ്ടത് ഭൂമിയിൽ നിന്നും നമ്മൾ പ്രപഞ്ചത്തെ നിരീക്ഷിക്കുമ്പോൾ കാണുന്ന രൂപമല്ല ഉദ്ദേശിക്കുന്നത് എന്നതാണ്. പ്രപഞ്ചത്തിന്റെ മൊത്തത്തിലുള്ള ആകൃതിയാണ് ഉദ്ദേശിക്കുന്നത്. അഥവാ ഈ പ്രപഞ്ചത്തിന് പുറത്തുനിന്നൊരാൾ പ്രപഞ്ചത്തെ നോക്കുകയാണെങ്കിൽ പ്രപഞ്ചത്തിന്റെ ആകൃതി പരന്നതായിരിക്കും (flat universe).

ഇന്ന് അറിയപ്പെടുന്ന നിരീക്ഷണ പരീക്ഷണങ്ങൾ എല്ലാം തെളിയിക്കുന്നതും പ്രപഞ്ചം പരന്നതാണ് എന്നതാണ്. നാസയുടെ Wilkinson Microwave Anisotropy Probe(WMAP), BOOMERanG experiment (Balloon Observations Of Millimetric Extragalactic Radiation ANd Geophysics എന്നിവയും യൂറോപ്യൻ സ്പേസ് ഏജൻസിയുടെ Planck space observatoryയും നടത്തിയ നിരീക്ഷണങ്ങളിൽ നിന്നെല്ലാം വ്യക്തമായത് പ്രപഞ്ചം പരന്നതാണ് എന്നതാണ്. ഈ നിരീക്ഷണങ്ങളെല്ലാം നടന്നത് 2000ത്തിനു ശേഷമാണ് എന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്! അഥവാ വളരെ അടുത്ത കാലത്ത് മാത്രമാണ് പ്രപഞ്ചം പരന്നതാണ് (Universe is flat) എന്ന അറിവ് നമുക്ക് ലഭിച്ചിട്ടുള്ളത് എന്ന് പ്രത്യേകം മനസ്സിലാക്കണം. ക്വുർആൻ പറയുന്നു:

“ഏഴു ആകാശങ്ങളെ ഒന്നിനു മീതെ മറ്റൊന്നായി അടുക്കുകളായി സൃഷ്ടിച്ചവനാകുന്നു അവൻ. പരമകാരുണികന്റെ സൃഷ്ടിപ്പിൽ യാതൊരു ഏറ്റക്കുറവും നീ കാണുകയില്ല. എന്നാൽ നീ ദൃഷ്ടി ഒന്നുകൂടി തിരിച്ചു കൊണ്ട് വരൂ. വല്ല വിടവും നീ കാണുന്നുണ്ടോ?” (67:3).





“നിങ്ങൾ കണ്ടില്ലേ; എങ്ങനെയാണ് അല്ലാഹു ഒന്നിനു മീതെ മറ്റൊന്നായി അടുക്കുകളായിട്ട് ഏഴ് ആകാശങ്ങൾ സൃഷ്ടിച്ചിരിക്കുന്നത് എന്ന്” (71:15).

പുക രൂപത്തിൽ ഉണ്ടായിരുന്ന ആദിപ്രപഞ്ചത്തിൽ നിന്നും നക്ഷത്രങ്ങളെ സൃഷ്ടിച്ചുവെന്നു ക്വുർആൻ പ്രസ്താവിച്ചത് നമ്മൾ കണ്ടല്ലോ. ഇനി ശാസ്ത്രം എന്തു പറയുന്നു എന്നു നോക്കാം. ബിഗ് ബാങിനു ശേഷം ശേഷം മൂന്ന് ലക്ഷത്തി എൺപതിനായിരം വർഷങ്ങൾക്കും നൂറുകോടി വർഷങ്ങൾക്കും ഇടയിലുള്ള സമയം ഡാർക്ക് ഏജ് എന്നറിയപ്പെടുന്നു. പ്രപഞ്ചത്തിലെ ഊഷ്മാവ് വളരെയധികം കുറയുകയും പ്ലാസ്മ അവസ്ഥയിലുള്ള പ്രോട്ടോണുകളും ന്യൂട്രോണുകളും ഇലക്ട്രോണുകളും എല്ലാം ചേർന്നു ധാരാളം ന്യൂട്രൽ ആറ്റങ്ങൾ ഉണ്ടാവുകയും ചെയ്തു. ആറ്റങ്ങൾ കൂടിച്ചേർന്ന് തന്മാത്രകൾ ഉണ്ടായി. പ്രധാനമായും ഹൈഡ്രജൻ തന്മാത്രകൾ($H_2$) കൂടിച്ചേർന്ന് വലിയ തന്മാത്ര മേഘപടലങ്ങൾ (molecular clouds) ഉണ്ടായി. സ്റ്റെല്ലാർ നഴ്സറികൾ (stellar nurseries) എന്നറിയപ്പെടുന്ന ഇത്തരം ഹൈഡ്രജൻ തന്മാത്രകളുടെ വലിയ മേഘപടലങ്ങളിൽ നക്ഷത്രങ്ങൾ ഉണ്ടായി. ബിഗ് ബാങിന് ശേഷം ഏകദേശം 10 കോടി വർഷങ്ങൾ പിന്നിട്ടപ്പോൾ നക്ഷത്രങ്ങളും നക്ഷത്രസമൂഹങ്ങൾ ആയ ഗാലക്സികളും ഉൽഭവിക്കാൻ ആരംഭിച്ചു. ഈയൊരു പ്രതിഭാസം തുടർന്നുകൊണ്ടേയിരുന്നു. ഏകദേശം 450 കോടി വർഷങ്ങൾക്ക് മുമ്പാണ് നമ്മുടെ സൗരയൂഥം നിലവിൽ വന്നത് എന്ന് കരുതപ്പെടുന്നത്. സോളാർ നെബുല എന്നറിയപ്പെടുന്ന വലിയ വാതകമേഘക്കൂട്ടങ്ങളിൽ നിന്നാണ് സൂര്യനും ഭൂമിയും വ്യാഴവും ശനിയും ചൊവ്വയും എല്ലാം ഉൾക്കൊള്ളുന്ന ഈ സൗരയൂഥം ഉണ്ടായത്. സോളാർ നെബുലയിൽ നിന്നും സൂര്യനും മറ്റു ഗ്രഹങ്ങളുമെല്ലാം വേർപെടുകയായിരുന്നു എന്നാണ് പൊതുവെ ശാസ്ത്രലോകം വിശ്വസിക്കുന്നത്.

ചുരുക്കിപ്പറഞ്ഞാൽ ഒന്നുമില്ലായ്മയിൽ നിന്നും പ്രപഞ്ച സൃഷ്ടിപ്പ് ആരംഭിച്ചു: “ആകാശങ്ങളെയും ഭൂമിയെയും മുൻ മാതൃകയില്ലാതെ നിർമിച്ചവനത്രെ അവൻ. അവനൊരു കാര്യം തീരുമാനിച്ചാൽ ഉണ്ടാകൂ എന്ന് പറയുക മാത്രമേ വേണ്ടതുള്ളൂ. ഉടനെ അതുണ്ടാകുന്നു” (ക്വുർആൻ 2:117).

വെറും 10-34 സെക്കൻഡിൽ ഇത് ഒരു ഗോൾഫ് പന്തിന്റെ വലുപ്പത്തിൽ ആയി. ഇതു വളരെ വേഗം വികസിക്കുകയും പടിപടിയായി അറ്റോമിക് കണികകളും ഹൈഡ്രജൻ ന്യൂക്ലിയസും ആറ്റവും ഒക്കെ രൂപപ്പെട്ടു. അതിൽനിന്ന് പടിപടിയായി നക്ഷത്രങ്ങളും ഗ്രഹങ്ങളും എല്ലാം രൂപംകൊണ്ടു.

വിശുദ്ധ ക്വുർആൻ പറയുന്നത് കാണുക: “ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും, എന്നിട്ട് നാം അവയെ വേർപെടുത്തുകയാണുണ്ടായതെന്നും സത്യനിഷേധികൾ കണ്ടില്ലേ? വെള്ളത്തിൽ നിന്ന് എല്ലാ ജീവവസ്തുക്കളും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?” (21:30).

എങ്ങനെയാണ് 1400 വർഷങ്ങൾക്ക് മുമ്പ് നിരക്ഷരനായ പ്രവാചകന് ഇക്കാര്യങ്ങളെ പറ്റി അറിയാൻ കഴിഞ്ഞത്? ക്വുർആൻ പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന്റെ വചനങ്ങളല്ലാതെ മറ്റൊന്നുമല്ല എന്നുള്ളതിന് വ്യക്തമായ ദൃഷ്ടാന്തങ്ങളാണ് ഇവയെല്ലാം.

**(അവസാനിച്ചില്ല).**

ഫൈസൽ. കെ.പി അരൂർ
mail@nerpatham.com

ലേഖനം

# കെ.എം സീതി സാഹിബ്: കേരള മുസ്‌ലിം നവോത്ഥാന ശിൽപി



**കേ**രള മുസ്‌ലിംകൾ ഇന്ന് കാണുന്ന രചനാത്മകങ്ങളായ എല്ലാ പ്രവർത്തനങ്ങളുടെയും ശിൽപി ആരെന്നുള്ള ചോദ്യത്തിനുത്തരമാണ് കെ.എം സീതി സാഹിബ്. അദ്ദേഹത്തിന്റെയും സഹപ്രവർത്തകരുടെയും ബൗദ്ധികവും ക്രിയാത്മകവും ദീർഘദൃഷ്ടിയോടുമുള്ള പ്രവർത്തനങ്ങളാണ് മുസ്‌ലിം സമുദായത്തിന്റെ സർവ പുരോഗതിക്കും വഴിവെച്ചത്. ഈ നവോത്ഥാന പ്രവർത്തനങ്ങൾ തന്നെയാണ് ഇന്ത്യൻ മുസ്‌ലിംകളുടെ സാമൂഹിക ഭൂപടത്തിൽ കേരളത്തിന് അഭിമാനകമായ അസ്തിത്വം കൈവരിക്കാൻ സാധിച്ചത്.

കൊടുങ്ങല്ലൂരിലെ പ്രസിദ്ധമായ കോട്ടപ്പുറത്ത് തറവാട്ടിൽ ഹാജി സീതിമുഹമ്മദിന്റെയും പടിയത്ത് ഫാത്തിമയുടെയും മകനായി 1898 ഓഗസ്റ്റ് മാസം 11നാണ് കെ.എം സീതി സാഹിബ് ജനിച്ചത്.

സ്കൂൾ പഠനവും തുടർന്ന് നിയമ പഠനവും പൂർത്തിയാക്കിയ സീതിസാഹിബിന് വക്കം മൗലവിയുമായുള്ള കൂടിക്കാഴ്ച ഏറെ വെളിച്ചം പകർന്നു. ആധുനികതയോടും വിദ്യാഭ്യാസത്തോടും പുറംതിരിഞ്ഞുനിന്ന തന്റെ സമുദായത്തെ സാമൂഹികവും സാംസ്കാരികവും മതപരവുമായി സമുദ്ധരിക്കേണ്ടത് എങ്ങ നെയെന്ന് കൃത്യമായ കാഴ്ചപ്പാടുണ്ടായിരുന്നു സീതിസാഹിബിന്ന്. ഈ നവോത്ഥാന പദ്ധതികളെക്കുറിച്ചുള്ള ആലോചനകൾ സജീവമായത് അദേഹത്തിന്റെ ജന്മനാട്ടിൽനിന്ന് തന്നെയായിരുന്നു. സമുദായത്തെ അന്ധവിശ്വാസങ്ങളിൽനിന്ന് യഥാർഥ ഇസ്‌ലാമിന്റെ പാതയിലേക്ക് തിരിച്ച് കൊണ്ടുവരുന്നതോ ടൊപ്പം അവരുടെ ഭൗതിക പുരോഗതിക്കാവശ്യമായ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും സജീവമാകാൻ കെ.എം സീതി സാഹിബിന്റെ നേതൃത്വത്തിൽ നിശ്ചയിച്ചുറപ്പിച്ചു.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ 1921ലെ മലബാർ സമരം മലബാറിലെ മാപ്പിളമാരെ എല്ലാ അർഥത്തിലും പിന്നോടിപ്പിച്ചു. ആറു മാസക്കാലത്തെ സമരം മാപ്പിളമാർക്കുണ്ടാക്കിവച്ച നഷ്ടക്കണക്ക് എണ്ണിത്തിട്ടപ്പെടുത്താൻ കഴിയുന്നതിനപ്പുറമായിരുന്നു. സർവതും നഷ്ടപ്പെട്ട മലബാറിലെ മാപ്പിളമാർ ഇനി എന്ത് എന്ന ചോദ്യചിഹ്നവുമായി കലങ്ങിയ കണ്ണുകളുമായിനിൽക്കുന്ന അവസരത്തിലാണ് കെ.എം സീതി സാഹിബിന്റെ നേതൃത്വത്തിൽ ഒരു ഉയിർത്തെഴുന്നേൽപിന്നുള്ള ശ്രമം നടക്കുന്നത്. ആ ഉയിർത്തെഴുന്നേൽപിന്റെ പേരായിരുന്നു 1922ൽ രൂപീകൃതമായ കേരളമുസ്‌ലിം ഐക്യസംഘം. കെ.എം സീതി സാഹിബ്, എം.സി.സി അബ്ദുറഹ്മാൻ മൗലവി, കെ.എം മൗലവി തുടങ്ങിയ നവോത്ഥാന നായകരുടെ സംഘം കേരളമുസ്‌ലിംകൾക്ക് ഐക്യസംഘത്തിലൂടെ തണലായി മാറി. ഈ ഐക്യസംഘമാണ് മലബാറിൽ മുസ്‌ലിം ലീഗിന് ആദർശപരമായി മണ്ണൊരുക്കിയത്.

ദേശീയ പ്രസ്ഥാനത്തിലൂടെ വളർന്നുവന്ന കെ.എം സീതിസാഹിബ് മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികവും മതപരവുമായ പുരോഗതിക്ക് സമുദായം സംഘടിക്കുകയും ജനാധിപത്യപരമായി അവകാശങ്ങൾ നേടിയെടുക്കുകയുമാണ് കൂടുതൽ ഫലപ്രദം എന്ന് മനസ്സിലാക്കിയാണ് 1933ൽ ത്രിവർണക്കൊടിയിൽ നിന്ന് ഹരിത പതാകയിലേക്ക് കൈ മാറ്റിപ്പിടിച്ചത്. സർ സയ്യിദ് അഹമ്മദ് ഖാന്റെയും മൗലാന മുഹമ്മദലി ജൗഹറിന്റെയും രാഷ്ട്രീയ ചിന്തകളിൽ ആകൃഷ്ടരായ കെ.എം സീതിസാഹിബ് മുസ്‌ലിംലീഗിന്റെ അമരത്തേക്ക് കടന്നുവന്നു. കെ.എം സീതി സാഹിബിന്റെ വരവോടെ തലശ്ശേരിയിലെ മുസ്‌ലിം മജ്‌ലിസിന്റെ പ്രവർത്തകർ മുസ്‌ലിംലീഗിൽ ചേർന്നു. അങ്ങനെയാണ് ഹാജി അബ്ദുസ്സത്താർ സേട്ട് സാഹിബിന്റെ നേതൃത്വത്തിൽ മുസ്‌ലിം ലീഗിന്റെ ചരിത്രം കേരളത്തിൽ ആരംഭിക്കുന്നത്. ആദ്യം വാരികയായും തുടർന്ന് ദിനപ്പത്രമായും പുറത്തിറങ്ങിയ ചന്ദ്രികയിലൂടെ സാമുദായിക രാഷ്ട്രീയത്തിന്റെ ആദർശങ്ങൾ ജനങ്ങളിലെത്തിക്കാൻ കെ.എം സീതിസാഹിബും സഹപ്രവർത്തകരും പരിശ്രമിച്ചു.

കെ.എം സീതി സാഹിബിന്റെ പ്രവർത്തനഫലമായി നിരവധിയാളുകൾ മുസ്‌ലിംലീഗിലേക്ക് കടന്ന്വന്നു. ദീർഘകാലം മുസ്‌ലിം ലീഗിന്റെ അമരത്തിരുന്ന സയ്യിദ് അബ്ദുറഹിമാൻ ബാഫഖിതങ്ങളെയും കേരളത്തിന്റെ മുഖ്യമന്ത്രിക്കസേരയിൽ ഇരിക്കാൻ വരെ വളർന്ന സി.എച്ച് മുഹമ്മദ് കോയാ സാഹിബിനെയുമെല്ലാം ഹരിത പതാക പിടിപ്പിക്കുന്നതിൽ അദ്ദേഹം നിർണായക പങ്കുവഹിച്ചു.

കേരളത്തിൽ ഹൈസ്കൂൾ സ്ഥാപിക്കുന്നതിനും മുസ്‌ലിംവിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ വേണ്ടി 'മലബാർ മുസ്‌ലിം അസോസിയേഷൻ' എന്ന സംഘടനവരെ കെ.എം സീതിസാഹിബ് രൂപീകരിച്ചു. 1943ൽ കോളറ എന്ന മഹാമാരി മലബാറിനെ ദുരിതത്തിലാക്കി. ദിനേനയുള്ള മരണങ്ങൾ കുടുംബങ്ങളെ അനാഥമാക്കി. അനാഥമക്കളുടെ സംരക്ഷണം ഇസ്‌ലാമിൽ ഏറ്റവും പ്രതിഫലമർഹിക്കുന്ന





സൽപ്രവർത്തനമാണെന്ന ബോധ്യം കെ.എം സീതി സാഹിബിനെയും കെ.എം മൗലവിയെയും എം.കെ ഹാജിയെയും കൊണ്ടെത്തിച്ചത് 'തിരൂരങ്ങാടി യതീംഖാന' എന്ന മഹത്തായ സ്ഥാപനത്തിന്റെ നിർമാണത്തി ലാണ്.

സാമ്പത്തികമായി അങ്ങേയറ്റം പ്രതിസന്ധിയിലായിരിക്കുമ്പോഴും മലബാറിൽ തലയുയർത്തിനിൽക്കുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനം എന്ന സീതി സാഹിബിന്റെ അടങ്ങാത്ത ആഗ്രഹം അബുസ്സബാഹ് മൗല വി, പോക്കർ സാഹിബ്, കെ.എം സൗലവി, മണപ്പാട് കുഞ്ഞഹമ്മദ് ഹാജി തുടങ്ങിയവരുടെ നേതൃത്വ ത്തിൽ 1948ൽ സ്ഥാപിതമായ ഫാറൂഖ് കോളേജിലൂടെയാണ് നിറവേറിയത്. മദിരാശി സംസ്ഥാന മുസ്‌ലിം ലീഗിന്റെ ഫണ്ടും ഐക്യസംഘത്തിന്റെ പേരിലുണ്ടായിരുന്ന സ്വത്തുകളുമാണ് ഫാറൂഖ് കോളേജിന് സാമ്പത്തിക അടിത്തറയായത്.

1947ൽ ഇന്ത്യയുടെ വിഭജനാനന്തരം മുസ്‌ലിംലീഗിനെ പിരിച്ചുവിടാൻ അഖിലേന്ത്യാ നേതൃത്വം തീരുമാ നിച്ചപ്പോൾ മുഹമ്മദ് ഇസ്മാഈൽ സാഹിബിനോടൊപ്പം സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മുസ്‌ലിം ലീഗ് നിലനിർത്താൻ വേണ്ടി അദ്ദേഹം ധീരമായി പോരാടി. സീതി സാഹിബിന്റെ ധീരതയും ദീർഘദൃഷ്ടിയുമായിരുന്നു മലബാറിൽ മുസ്‌ലിംലീഗിനെ പിടിച്ചുനിർത്താൻ സഹായകമായത്. ഇസ്മാഈൽ സാഹിബിനൊപ്പം മുസ്‌ലിം ലീഗ് കെട്ടിപ്പടുക്കുന്നതിൽ സീതി സാഹിബ് അഹോരാത്രം പണിയെടുത്തു. ഈ നേതൃത്വമായിരുന്നു കേൾവിയും കേൾപേരുമില്ലാത്ത ഒരു സമുദായത്തിന് താങ്ങും തണലുമായത്. ഇന്ത്യൻ മുസ്‌ലിംകളുടെ അതിജീവനത്തിന്റെ വഴി മതേതര ജനാധിപത്യത്തോടുള്ള ക്രിയാത്മകമായ ഇടപെടലാണെന്ന് തന്റെ ജീവിതത്തിലൂടെ കാണിച്ചുതരികയായിരുന്നു കെ.എം സീതിസാഹിബ്. താൻ ആർജിച്ചെടുത്ത കഴിവുകൾ മുഴുവൻ സമുദായത്തിന്റെ പുരോഗതിക്ക് വേണ്ടി അദ്ദേഹം വിനിയോഗിച്ചു.

തളിപ്പറമ്പ് മുതൽ മണ്ണാർക്കാട് വരെയുള്ള മുസ്‌ലിം സ്ഥാപനങ്ങളുടെ തറക്കല്ലിൽ സീതി സാഹിബിന്റെ വിയർപ്പുതുള്ളികൾ ഉണ്ടെന്നും കേരള മുസ്‌ലിംകളുടെ വിയർപ്പുതുള്ളികൾ ഉണ്ടെന്നും കേരള മുസ്‌ലിംകളുടെ സർ സയ്യിദും, മുഹമ്മദലിയും, ഇഖ്ബാലും ജിന്നയുമൊക്കെ സീതിസാഹിബ് എന്ന പദത്തിൽ ഒതുങ്ങിയിരിക്കുന്നു എന്നും മഹാനായ സി.എച്ച് സീതി സാഹിബിനെ അനുസ്മരിച്ച്കൊണ്ട് പറയുകയുണ്ടായി.


പ്രമുഖ മുജാഹിദ് പണ്ഡിതനായിരുന്ന കെ. ഉമർ മൗലവി ഓർമകളുടെ തീരത്ത് എന്ന അദ്ദേഹത്തിന്റെ ഓർമക്കുറിപ്പുകളുടെ സമാഹരണത്തിലെഴുതി: "സീതി സാഹിബ് എന്ന മനുഷ്യൻ ഈ നാട്ടിൽ ജനിച്ചില്ലായിരുന്നുവെങ്കിൽ ഈ സമുദായത്തിന്റെ അവസ്ഥ എന്താകുമായിരുന്നു! പുതിയ തലമുറയോട് ഞാൻ ഉപദേശിക്കുന്നു; നിങ്ങൾ സീതിസാഹിബിനെ അറിയണം. അപ്പോഴേ നിങ്ങൾ ഈ സമുദായത്തെ അറിഞ്ഞവരാകൂ."

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളമുസ്‌ലിം സമുദായം ആർജിച്ച വിദ്യാഭ്യാസ, സാമൂഹിക, സാംസ്‌കാരിക മതപരമായ സകല പുരോഗതിക്കും അഭിവൃദ്ധിക്കും കാരണം കെ.എം സീതി സാഹിബ് എന്ന കരുത്തുറ്റ വലിയമനുഷ്യന്റെ നേതൃത്വമാണ്.

1961 ആഗസ്റ്റ് 11ന് ഈ ലോകത്തോട് കെ.എം സീതിസാഹിബ് വിടപറയുമ്പോൾ കേരള നിയമസഭയുടെ സർവാദരണീയനായ സ്പീക്കറായിരുന്നു.

അലി ചെമ്മാട്
alichemmad@gmail.com

ലേഖനം



പരിണാമത്തിന്റെ ഹൃദയശസ്ത്രക്രിയ 4

# ലെൻസ്കി പരീക്ഷണത്തിന്റെ പരിണാമഗുപ്തി

ലെൻസ്കിയുടെ മുഖ്യധാരാ പരീക്ഷണത്തോടൊപ്പം നടക്കുന്ന പാർശ്വപരീക്ഷണങ്ങളെ കുറിച്ച് ആദ്യത്തിൽ സൂചിപ്പിച്ചിരുന്നു. അത്തരം ഒരു അമാനുഷിക പരീക്ഷണത്തിന്റെ ബാലമംഗള അത്ഭുതകഥ കൂടികാണുക. Ara-3യിലെ അത്ഭുതപരിണാമത്തിന് കാരണമായ ഉൽപ്പരിവർത്തനം നടന്നത് എങ്ങനെയെന്ന് കണ്ടുപിടിച്ച മാർഗം വിശദീകരിക്കുന്നു:

“മുകളിൽ ഞാൻ അവതരിപ്പിച്ച പ്രവചനം തന്നെയാണ് ലെൻസ്കിയുടെ വിദ്യാർഥിയായ സാകറി ബ്ലൗണ്ട് (Zachary Blount) കണ്ടെത്തിയതെന്ന് കേൾക്കുമ്പോൾ നിങ്ങൾ സന്തോഷിക്കും. പല തലമുറകളിൽ നിന്നായി ഇ-കോളി വിഭാഗത്തിൽപ്പെട്ട 40 ട്രില്യൻ (40,000,000,000,000) ബാക്ടീരിയകളെ നിരീക്ഷണത്തിനു വിധേയമാക്കിക്കൊണ്ടാണ് അദ്ദേഹം ശ്രമകരമായ തന്റെ പരീക്ഷണങ്ങൾ നിർവഹിച്ചത്.”(26)

എത്ര കണിശമാണ് പരീക്ഷണത്തിന്റെ രീതിശാസ്ത്രം! അക്കാര്യം ഡോകിൻസ് നേരത്തെ ഓർമപ്പെടുത്തിയിരുന്നു. "വിശദാംശങ്ങളുടെ കാര്യത്തിൽ വരെ തീർച്ചമൂർച്ച വരുത്തി സൂക്ഷ്മമായിട്ടാണ് അവർ കാര്യങ്ങൾ കൈകാര്യം ചെയ്തത്." 40 ട്രില്യൻ ബാക്ടീരിയകളെ നിരീക്ഷണവിധേയമാക്കി എന്നത് ഏകദേശ കണക്കോ ആലങ്കാരിക പ്രയോഗമോ ആയി അവഗണിക്കാവതല്ല. വളരെ സൂക്ഷ്മമായിത്തന്നെ കൈകാര്യം ചെയ്തതാണ്. 40,000,000,000,000 ബാക്ടീരിയകളെ നിരീക്ഷിക്കാൻ ഒരു സെക്കന്റിൽ ഒരു ബാക്ടീരിയ എന്ന കണക്കിൽ ദിനേന 12 മണിക്കൂർ നിരന്തരമായി നിരീക്ഷണ വിധേയമാക്കിയാൽ 43200 ബാക്ടീരിയകളെ നിരീക്ഷിക്കാം... ഒരു വർഷം 15,735,600 ബാക്ടീരിയകൾ! ഈ നിലയ്ക്ക് വിശ്രമമില്ലാതെ നിരന്തരം പ്രവർത്തിച്ചാൽ 2,542,006.660 വർഷങ്ങൾ! ഇത്രയും ദീർഘകാലമെടുത്ത് ലെൻസ്കിയുടെ ശിഷ്യൻ നിരീക്ഷണം നിർവഹിച്ചുവെങ്കിൽ ലെൻസ്കിയുടെ പരീക്ഷണം എത്ര കണിശമാണ്! അത് അപ്രായോഗികമെങ്കിലും, ഒരിക്കലും നടക്കില്ലയെങ്കിലും.

ശാസ്ത്രത്തെ കുറിച്ചുള്ള ഡോകിൻസിന്റെ ഉദാത്ത കാഴ്ചപ്പാട് പ്രശംസനീയമാണ്. അദ്ദേഹം തന്റെ നിലപാട് ഈ അധ്യായത്തിൽ ഇ-കോളി പരീക്ഷണത്തെ കുറിച്ച് പറഞ്ഞു തുടങ്ങുന്ന വേളയിൽ വ്യക്തമാക്കിയത് കാണുക: "ഇക്കാലത്ത് ശാസ്ത്ര ഗവേഷണം ഒരു കൂട്ടായ്മയാണ്."(27) ഇങ്ങനെ കൂട്ടായ്മയിലൂടെ പടുത്തുയർത്തുന്ന ശാസ്ത്രത്തെക്കുറിച്ച് വീണ്ടും "ശാസ്ത്രത്തെ സംബന്ധിച്ച് ഏറ്റവും ഹൃദ്യമായ വസ്തുതയെന്തെന്നാൽ അതൊരു പൊതുപ്രവർത്തനമാണെന്നതാണ്. ശാസ്ത്രജ്ഞരുടെ പരീക്ഷണങ്ങളും ഫലങ്ങളും രീതിശാസ്ത്രങ്ങളുമൊക്കെ പരസ്യമാക്കപ്പെടും."(28)

അതെ, ശാസ്ത്രീയ സിദ്ധാന്തങ്ങളും ഗവേഷണ പരീക്ഷണങ്ങളും കണ്ടുപിടുത്തങ്ങളും മനുഷ്യസമൂഹത്തിന്റെ ഉന്നമനത്തിനും പുരോഗതിക്കും വേണ്ടിയുള്ളതാണ്. അത് രഹസ്യമാക്കി വെക്കേണ്ടതോ സ്വകാര്യസ്വത്തായി സൂക്ഷിക്കേണ്ടതോ അല്ല. ഞാൻ ഇപ്പോൾ ഈ വരികൾ ടൈപ്പ് ചെയ്യുന്നത് മുതലാളിത്ത രാജ്യമായ അമേരിക്കൻ കമ്പനിയായ HP, മറ്റൊരു അമേരിക്കൻ കമ്പനി INTEL നിർമിച്ച പ്രൊസസ്സർ ഉപയോഗിച്ച് കമ്യൂണിസ്റ്റ് രാജ്യമായ ചൈനയിൽ നിർമിച്ച കമ്പ്യൂട്ടറിൽ, മൈക്രോസോഫ്റ്റ് വിൻഡോസ് ഓപറേറ്റിങ് സിസ്റ്റവും മൈക്രോസോഫ്റ്റ് വേർഡ് സോഫ്റ്റ്‌വെയറും ഉപയോഗിച്ചാണ്. എന്നാൽ മലയാളം ടൈപ്പ് ചെയ്യാൻ ഗൂഗിൾ ഇൻപുട്ട് ടൂളാണ് ഉപയോഗിക്കുന്നത്. ഇങ്ങനെ ഒരു കമ്പ്യൂട്ടർ ഉപയോഗിക്കാൻ ഈ കമ്പ്യൂട്ടറിലെ വ്യത്യസ്ത ഘടകങ്ങൾ, പ്രോസസർ മുതൽ ഹാർഡ്ഡിസ്ക് വരെ, മൈക്രോചിപ്പുകൾ മുതൽ റെസിസ്റ്ററുകൾ വരെ, കപ്പാസിറ്റർ മുതൽ സെമികണ്ടക്ടറുകൾ വരെ, മദർബോർഡ് മുതൽ ഡിസ്പ്ലേഡിവൈസ് വരെ, ബോഡി പാർട്ട് മുതൽ ഇൻപുട്ട് മോഡ്യൂൾസ് വരെ ലോകത്തിന്റെ വ്യത്യസ്ത മേഖലലകളിൽ വ്യത്യസ്ത കമ്പനികളുടെ ഉൽപന്നങ്ങളാണ്. അവയിൽ തന്നെ പല ഘടക ഭാഗങ്ങളും മറ്റു പല കമ്പനികളിൽനിന്നുള്ള സഹകരണത്തോടെ ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിലുള്ള പതിനായിരിക്കണക്കിനു മനുഷ്യരുടെ പരീക്ഷണ, നിരീക്ഷണ, ഗവേഷണ, കണ്ടുപിടുത്തങ്ങളുടെ ഉൽപന്നം. എത്ര മഹത്തായ മനുഷ്യസഹകരണത്തിന്റെ, ശാസ്ത്രീയ നിരീക്ഷണ, പരീക്ഷണ, ഗവേഷണ, കണ്ടുപിടുത്തങ്ങളുടെ പൊതുവൽക്കരണത്തിന്റെ ഉദാത്തമാതൃക. ഡോകിൻസ് പറഞ്ഞത് എത്ര ശരി, ഇത് പോലെത്തന്നെയാണ് ഒട്ടുമിക്ക ശാസ്ത്രീയ കണ്ടുപിടുത്തങ്ങളും പൊതുവൽക്കരിക്കപ്പെടുന്നത്. അറിവുകളും കണ്ടെത്തലുകളും പൊതുവൽക്കരിക്കപ്പെട്ടാലേ അത് ഉപയോഗപ്രദമാകൂ.

ഈ വസ്തുതകൾ മുന്നിൽവച്ച് ലെൻസ്കി പരീക്ഷണത്തിന്റെ ചില പ്രശ്നങ്ങൾ നമുക്ക് പുനരാലോചിക്കാം. അതിനു മുമ്പ് ചെറിയൊരു ക്രമപ്രശ്നം, ലെൻസ്കി പരീക്ഷണം നൂറു ശതമാനം കണ്ണുമടച്ച് വിശ്വസിക്കേണ്ട കാര്യമുണ്ടോ? ഇല്ലെന്നാണ് ഡോകിൻസിയൻ വചനങ്ങൾ വായിച്ചാൽ തോന്നുക. "ഏതാനും ദിവസം കഴിഞ്ഞതോടെ ഈ ഗോത്രത്തിന്റെ മാത്രം പോപ്പുലേഷൻ ഉന്നതി ആറുമടങ്ങ് നിരക്കിൽ സ്ഥായിയാക്കപ്പെട്ടു. അപ്പോഴും മറ്റു 11 ഗോത്രങ്ങളും പഴയനിരക്കായ 0.40ൽ മുന്നോട്ട് പോയി. Ara-3യുടെ എല്ലാ തുടർതലമുറകളും ഈ പോപ്പുലേഷൻ ഉന്നതി കുറവ് വരാതെ തുടർന്നു. ശ്രദ്ധിക്കുക, ഈ ഒരു ഗോത്രത്തിൽ മാത്രം, Ara-3യുടെ ഫ്ളാസ്ക്കിൽ മാത്രം അധികം ഗ്ലൂക്കോസ് നിക്ഷേപിച്ചത് കൊണ്ടാവണം ഇങ്ങനെ സംഭവിച്ചതെന്നായിരിക്കും നമുക്ക് പെട്ടെന്ന് തോന്നുക. വാസ്തവത്തിൽ അങ്ങനെ യാതൊന്നും സംഭവിച്ചിരുന്നില്ല. 12 ഫ്ളാസ്ക്കുകളിലും വളരെ കണിശമായ രീതിയിൽ ഒരേ അളവിലാണ് ഗ്ലൂക്കോസ് നിക്ഷേപിച്ചു കൊണ്ടിരുന്നത്."(29)



കള്ളനായ അച്ഛനെ പിടിക്കാൻ വന്ന പോലീസുകാരോട് ‘അച്ഛൻ തട്ടിൻ പുറത്ത് പോലുമില്ല’ എന്ന് പറഞ്ഞ മകനെയാണ് ഓർമവരുന്നത്. ഇല്ലാത്ത സംശയം ഉണ്ടാക്കാനേ ഈ മുൻകൂർ ജാമ്യം ഉപയുക്തമാവൂ. പരിണാമത്തിന്റെ ചരിത്രവും വർത്തമാനവും, എന്തിന് ഡോകിൻസിന്റെ ഈ കൃതി പോലും, കൃതിയിലെ ഈ അധ്യായത്തിൽ പ്രശ്നവത്കരിക്കപ്പെട്ട ഇ-കോളി പരീക്ഷണം പോലും കളവ് പറയുന്നതിനും കൃത്രിമ തെളിവുകൾ സൃഷ്ടിക്കുന്നതിനും ഒട്ടും മടിയില്ലാത്തവരാണ് പരിണാമവിശ്വാസികൾ എന്ന് നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. ആ വിഷയം പിന്നാലെ മറ്റൊരധ്യായത്തിൽ പ്രത്യേകം ചർച്ചക്കെടുക്കേണ്ടതുള്ളത് കൊണ്ട് ഇപ്പോൾ അവഗണിക്കാം.

ഡോകിൻസ് പറഞ്ഞ പോലെ എന്തുകൊണ്ട് ഇക്കൂട്ടർ കൂടുതൽ ഭക്ഷണം നൽകി കൃത്രിമ പരീക്ഷണഫലം സൃഷ്ടിച്ചുകൂടാ. അങ്ങനെ ഒരു സംശയം ബലപ്പെടുത്തുന്നുണ്ട് അധ്യായത്തിലെ അവസാനത്തിൽ ഡോകിൻസ് പ്രതിപാദിക്കുന്ന ഒരു സംഭവം വായിച്ചാൽ. അതുപോലെ ഈ പരീക്ഷണഫലം ലെൻസ്കി വളരെ രഹസ്യസ്വഭാവത്തോടെ സ്വകാര്യസ്വത്തായാണ് കൈകാര്യം ചെയ്തിരുന്നത് എന്നുകൂടി അടിവരയിടുന്ന സംഭവത്തിലേക്ക്...

“ലെൻസ്കിയുടെ പരീക്ഷണം കൈവരിച്ച വിജയം സൃഷ്ടിവാദികളെ വല്ലാതെ അലോസരപ്പെടുത്തിയിട്ടുണ്ട്. അതിൽ എന്തെങ്കിലും പിഴവ് കണ്ടെത്താനുള്ള തീവ്രശ്രമത്തിലാണവരിപ്പോൾ


വിക്കിപീഡിയയുടെ കുപ്രസിദ്ധ അനുകരണമായ ‘കൺസർവ പീഡിയയുടെ’ (conserva pedia) സൃഷ്ടിവാദ എഡിറ്ററായ ആൻഡ്രൂ ഷാഫ്ലി (Andrew Schafly) പരീക്ഷണങ്ങളുടെ യഥാർഥ വിവരശേഖരം (original data) മുഴുവൻ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡോ. ലെൻസ്കിക്ക് എഴുതിയിരുന്നു. പരീക്ഷണത്തിന്റെ ആധികാരികതയെപ്പറ്റി സംശയമുണ്ടെന്ന പ്രതീതി സൃഷ്ടിക്കുകയായിരുന്നു ലക്ഷ്യം. സംസ്കാരശൂന്യമായ ആ നിർദേശത്തോട് പ്രതികരിക്കേണ്ട യാതൊരു ബാധ്യതയും ഉണ്ടായിരുന്നില്ലെങ്കിലും വളരെ സൗമ്യമായി ലെൻസ്കി പ്രതികരിച്ചു. വിമർശനം നടത്തുന്നതിന് മുമ്പ് തന്റെ ഗവേഷണപ്രബന്ധം വായിക്കാൻ ഒരു ശ്രമം നടത്തണമെന്ന് അദ്ദേഹം ഷാഫ്‌ലിയോട് അഭ്യർഥിച്ചു. തന്റെ ഏറ്റവും അമൂല്യമായ തെളിവ് ശീതീകരിക്കപ്പെട്ട ഫോസിലുകളായി സൂക്ഷിച്ചിരിക്കുന്ന പല പരിണാമഘട്ടങ്ങളിലുള്ള ബാക്ടീരിയയാണെന്നും ആർക്കു വേണമെങ്കിലും അവ പരിശോധിച്ച് സ്ഥിരീകരിക്കാമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ മേഖലയിൽ പ്രവർത്തന പരിചയവും വൈദഗ്ധ്യവുമുള്ള ഏത് ബാക്ടീരിയോളജിസ്റ്റിനും സാമ്പിളുകൾ കൈമാറാൻ സന്തോഷമേയുള്ളൂവെന്നും ലെൻസ്കി അറിയിച്ചു. എന്നാൽ അവിദഗ്ധ കരങ്ങളിൽ അതേൽപിക്കുന്നത് അപകടകരമായേക്കും. തുടർന്ന് ഒരു ബാക്ടീരിയാ വിദഗ്ധന് ഉണ്ടായിരിക്കേണ്ട യോഗ്യതയെപ്പറ്റിയുള്ള മുഴുവൻ വിശദാംശങ്ങളും ദയാശൂന്യമായ രീതിയിൽ അദ്ദേഹം വിവരിച്ചു. എത്ര സന്തോഷത്തോടെയാണ് അദ്ദേഹമത് ചെയ്തിരുന്നതെന്നു നമുക്കൂഹിക്കാം. കാരണം അതിസങ്കീർണമായ ലബോറട്ടറി പരിശോധനകൾ സുരക്ഷിതമായി നടത്തി ലഭ്യമാകുന്ന സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയ നിഗമനങ്ങളിലെത്തിച്ചേരുന്നത് പോയിട്ട് താൻ വിശദീകരിച്ച കാര്യങ്ങൾ നേരാംവണ്ണം ഗ്രഹിക്കുന്നത് പോലും ശാസ്ത്രജ്ഞനല്ലാത്ത, കേവലം ഒരു അഭിഭാഷകൻ മാത്രമായ ആൻഡ്രൂ ഷാഫ്‌ലിക്ക് സാ

ധിക്കില്ലെന്നതും ലെൻസ്കിക്ക് അറിയാമായിരുന്നു. ഈ സംഭവത്തിന്റെ വിശദാംശങ്ങൾ മുഴുവൻ വളര സുവ്യക്തമായ ഭാഷയിൽ പ്രശസ്ത ജീവശാസ്ത്രജ്ഞനും ബ്ലോഗറുമായ പി. സെഡ്. മെയേഴ്സ് (P.Z Myers) 'ഒരിക്കൽകൂടി റിച്ചാർഡ് ലെൻസ്കി കൺസർവേറ്റീവ് പീഡിയയിലെ വാടകഗുണ്ടകൾക്കും വിഡ്ഢികൾക്കും മറുപടി നൽകിയിരിക്കുന്നു. പ്രിയപ്പെട്ടവരേ, എപ്പോഴും അദ്ദേഹമവരെ നിഷ്പ്രഭാമാക്കുന്നു" എന്ന് തുടങ്ങുന്ന ലേഖനത്തിൽ വിജയ ഭാവത്തിൽ വിവരിച്ചിട്ടുണ്ട്."[30]

ശാസ്ത്രീയ പരീക്ഷണങ്ങളെയും കണ്ടെത്തലുകളെയും കുറിച്ച് ഡോകിൻസ് പറഞ്ഞത് അതൊരു പൊതുപ്രവർത്തനമാണ്, കൂട്ടായ്മയാണ്, സഹകരണമാണ് എന്നൊക്കെയാണ്. എന്നാൽ ലെൻസ്കിയുടെ ബാക്ടീരിയാ പരീക്ഷണം സൃഷ്ടിവാദികളെ തോൽപിക്കാനും പരിണാമവിശ്വാസികൾക്ക് ജയിക്കാനുമുള്ള അങ്കത്തട്ട് മാത്രമായാണ് കണക്കാക്കുന്നത്. അതുകൊണ്ടാണല്ലോ വിജയത്തെക്കുറിച്ചും തോൽപ്പിക്കലിനെക്കുറിച്ചും വാചാലമാകുന്നത്. എന്നാൽ പരിണാമശാസ്ത്രത്തിന്റെ ഏറ്റവും വലിയ ശത്രുക്കൾ സൃഷ്ടിവാദികളല്ല. മറിച്ച് ഡോകിൻസിനെ പോലെയുള്ള ശാസ്ത്രജ്ഞരല്ലാത്ത കേവലപ്രത്യയശാസ്ത്രപ്രബോധകർ അതേറ്റെടുത്തു എന്നത് തന്നെയാണ്.

"ഒരിക്കൽകൂടി റിച്ചാർഡ് ലെൻസ്കി കൺസർവേറ്റീവ് പീഡിയയിലെ വാടകഗുണ്ടകൾക്കും വിഡ്ഢികൾക്കും മറുപടി നൽകിയിരിക്കുന്നു. പ്രിയപ്പെട്ടവരേ, എപ്പോഴും അദ്ദേഹമവരെ നിഷ്പ്രഭാമാക്കുന്നു'' എന്ന അവസാന വാചകം പരിഗണിക്കാം. ലെൻസ്കി പരീക്ഷണം സുതാര്യമെങ്കിൽ എന്തിനാണ് ഒരു വിഭാഗത്തെ ഇങ്ങനെ തെരുവുഗുണ്ടകളുടെ ഭാഷയിൽ അപമാനിക്കുകയും തെറിവിളിക്കുകയും ചെയ്യുന്നത്. "ലെൻസ്കിയുടെ പരീക്ഷണം കൈവരിച്ച വിജയം സൃഷ്ടിവാദികളെ വല്ലാതെ അലോസരപ്പെടുത്തിയിട്ടുണ്ട്. അതിൽ എന്തെങ്കിലും പിഴവ് കണ്ടെത്താനുള്ള തീവ്രശ്രമത്തിലാണവരിപ്പോൾ" ഈ ഭാഗത്തിലെ പ്രസക്തമായ എല്ലാ വിഷയവും നാം വിലയിരുത്തി. ഇദ്ദേഹം അവകാശപ്പെടുന്നപോലെ ലെൻസ്കിപരീക്ഷണം എന്ത് നേട്ടമാണ് കൈവരിച്ചിട്ടുള്ളത്? പരിണാമം നടക്കുന്നില്ല എന്ന് കൃത്യമായി തെളിയിച്ചു. അങ്ങനെയെങ്കിൽ അത് പ്രശ്നവൽക്കരിക്കുന്നത് സൃഷ്ടിവാദികളെയല്ല, മറിച്ച് പരിണാമവിശ്വാസികളെയാണ്. സൃഷ്ടിവാദികൾ എന്ന ശത്രുവില്ല എങ്കിൽപ്പിന്നെ പരിണാമവിശ്വാസത്തിനു നിലനിൽപില്ല എന്നത് തന്നെയല്ലേ ഇത്തരം പ്രതികരണങ്ങൾ തെളിയിക്കുന്നത്? ശാസ്ത്രീയ കണ്ടുപിടുത്തങ്ങളും ശാസ്ത്രശാഖയുമാണെങ്കിൽ പിന്നെ എന്തിനു ശത്രുസംഹാരത്തിന് തെരുവിലിറങ്ങുന്നു!

നേരത്തെ ഡോകിൻസ് പറഞ്ഞ 'ഇക്കാലത്ത് ശാസ്ത്രഗവേഷണം ഒരു കൂട്ടായ്മയാണ്,' 'ശാസ്ത്രത്തെ സംബന്ധിച്ച് ഏറ്റവും ഹൃദ്യമായ വസ്തുതയെന്തെന്നാൽ അതൊരു പൊതുപ്രവർത്തനമാണെന്നതാണ്. ശാസ്ത്രജ്ഞരുടെ പരീക്ഷണങ്ങളും ഫലങ്ങളും രീതിശാസ്ത്രങ്ങളുമൊക്കെ പരസ്യമാക്കപ്പെടും' എന്നീ വാകൃങ്ങളും ഈ പ്രസ്ഥാവനയും താരതമ്യം ചെയ്യുക. പരിണാമം ശാസ്ത്രമല്ല എന്നല്ലേ ഇതിൽ നിന്നും വ്യക്തമാകുന്നത്? ഷാഫ്‌ലി ഡാറ്റ ചോദിച്ചു എങ്കിൽ ബാക്ടീരിയകളെ കുറിച്ച് ഒരു ചുക്കും അറിയാത്ത ഷാഫ്‌ലിയെ എത്ര പെട്ടെന്ന് മുട്ട്കുത്തിക്കാമായിരുന്നു. ഏതായാലും അയാൾ ശത്രുവാണ്; ആ ശത്രുവിനെ വേണ്ടുംവിധം



സംഹരിക്കാൻ അയാൾ സ്വന്തം തട്ടകത്തിൽ എത്തിപ്പെടുകയും ചെയ്യുന്നു. അയാൾക്കാണെങ്കിൽ ലെൻസ്കിയുടെ ആയുധശക്തിയെ കുറിച്ച് ഒട്ടും ബോധവുമില്ല, അറിവുമില്ല. എങ്കിൽ അയാളോട് ബാക്ടീരിയാപരീക്ഷണത്തിൽ പരിണാമവിശ്വാസികൾ കണ്ടെത്തി എന്ന് വിശ്വസിക്കപ്പെടുന്ന പരിണാമം! വിശദീകരിച്ചിരുന്നുവെങ്കിൽ അയാൾ നിഷ്പ്രഭനായി പോകുമായിരുന്നു. അതിനു പകരം അയാളെ പേടിച്ചു ചീത്തവിളിച്ചു ഓടിക്കുകയാണ് ചെയ്തത്. പിച്ചക്കാർക്ക് നേരെ കടിപ്പട്ടികളെ തുറന്നുവിടുന്ന വീട്ടുകാരന്റെ പ്രാകൃത പ്രവർത്തി!

ഡോകിൻസിന്റെ ആൻഡ്രൂ ഷാഫ്ലിയെ കുറിച്ച ഈ വാക്കുകൾ കൂടി ശ്രദ്ധിക്കുക: “അതിസങ്കീർണമായ ലബോറട്ടറി പരിശോധനകൾ സുരക്ഷിതമായി നടത്തി ലഭ്യമാകുന്ന സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയനിഗമനങ്ങളിലെത്തിച്ചേരുന്നത് പോയിട്ട് താൻ വിശദീകരിച്ച കാര്യങ്ങൾ നേരാം വണ്ണം ഗ്രഹിക്കുന്നത് പോലും ശാസ്ത്രജ്ഞനല്ലാത്ത, കേവലം ഒരു അഭിഭാഷകൻ മാത്രമായ ആൻഡ്രൂ ഷാഫ്ലിക്ക് സാധിക്കില്ലെന്നതും ലെൻസ്കിക്ക് അറിയാമായിരുന്നു.” ഒരു പക്ഷേ, ലെൻസ്കി പരീക്ഷണം ഡോകിൻസ് വിവരിച്ചതിലേറെ കാര്യങ്ങൾ കണ്ടെത്തിയിരിക്കാം, ഡോകിൻസിനെ പോലെ ശാസ്ത്രീയ അറിവുകൾ ഇല്ലാത്ത, ശാസ്ത്രരംഗത്ത് ഒരു സംഭാവനയും നൽകിയിട്ടില്ലാത്ത, എന്നാൽ താൻ ആജീവനാന്ത ‘ജീവശാസ്ത്രജ്ഞൻ’ ആണെന്ന വെള്ളരിക്കാപട്ടണത്തിൽ ജീവിക്കുന്ന കേവലം ഒരു എഴുത്തുകാരൻ മാത്രമായ ഡോകിൻസിന്, അദ്ദേഹത്തിന്റെ തന്നെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഈ വിഷയം ചർച്ചചെയ്യാൻ എന്തർഹതയാണുള്ളത്? തന്റെ അറിവുകേടിന്റെ പരിധിയിൽ നിന്ന് കാര്യങ്ങൾ വ്യാഖ്യാനിച്ചതിന്റെ കുഴപ്പമാകാം ഒരു പക്ഷേ, ഈ അവസ്ഥയിലേക്ക് ലെൻസ്കി പരീക്ഷണം ‘ഉന്നതി’നേടി പരിണമിക്കാൻ കാരണം. എന്നാൽ ഈ വിഷയത്തിൽ നാം കാര്യങ്ങൾ വിശകലനം ചെയ്യുമ്പോൾ ഡോകിൻസ് പറഞ്ഞതിലപ്പുറം ഒന്നും കണ്ടത്താനും സാധിക്കുന്നില്ല എന്നത് വസ്തുത.

ഇ-കോളി പരീക്ഷണത്തിലെ ഏറ്റവും മികച്ച ഫലമായി ചൂണ്ടിക്കാണിക്കുന്ന 33100 തലമുറകൾ പിന്നിട്ടപ്പോൾ സംഭവിച്ച ഗ്ലൂക്കോസിനുപരി സിട്രേറ്റ് കൂടി ആഹരിക്കാനുള്ള ശേഷിനേടിയ പരിണാമത്തെ നിസ്സാരവത്ക്കരിക്കുന്ന മറ്റൊരു പരീക്ഷണം കൂടി ലെൻസ്കി പരീക്ഷണത്തെ കുറിച്ചുള്ള വിക്കിപേജിൽ ഉണ്ട്. കേവലം 100 തലമുറ (15 ദിവസം) പിന്നിട്ടതോടുകൂടിത്തന്നെ ഗ്ലൂക്കോസ് കൂടാതെ സിട്രേറ്റും ആഹരിക്കാനുള്ള ശേഷി ഇ-കോളി ബാക്ടീരിയകൾ നേടി എന്ന പരീക്ഷണഫലം വിക്കി പ്രത്യേകം എടുത്ത് പറയുന്നുണ്ട്. ലെൻസ്കിയുടെ പരീക്ഷണത്തിൽ ഈ കഴിവ് നേടാൻ 33100 തലമുറകൾ പിന്നിടേണ്ടി വന്നു. ഇവതമ്മിൽ എന്തോ പൊരുത്തക്കേട് തോന്നുന്നു.[31]

പ്രതിഭാശാലികളായ ഒരു കൂട്ടം ശാസ്ത്രജ്ഞരുടെയും ബുദ്ധിജീവികളുടെയും ബുദ്ധിയും സമയവും മില്യൺ കണക്കിന് ഡോളറും ചെലവഴിച്ചു 32 കൊല്ലം തുടർന്ന ലെൻസ്കി എക്സ്പിരിമെന്റ് തുറന്നമനസ്സോടെ വിലയിരുത്തിയാൽ ഒരു അന്തർദേശീയ നഷ്ടമാണത് എന്ന് ബോദ്ധ്യപ്പെടും. ഈ പ്രതിഭകളുടെ ബുദ്ധിയും സമയവും സമ്പത്തും ഉപകാരപ്രദമായ മറ്റേതെങ്കിലും മേഖലയിൽ ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ മനുഷ്യകുലത്തിന് എത്രവലിയ നേട്ടങ്ങൾ ലഭിക്കുമായിരുന്നു. ഈ അന്തർദേശീയ നഷ്ടത്തിന് ചെലവാക്കിയ കൊട്ടക്കണക്കിനു ഡോളർ മനുഷ്യോപകാരപ്രദമായ മേഖലയിൽ ചെലവഴിച്ചിരുന്നെങ്കിൽ...!

പിൻമൊഴി: പരിണാമവിശ്വാസികൾ ഏറ്റവും പ്രധാനപ്പെട്ട പരീക്ഷണം എന്ന് വിശ്വസിക്കുന്ന ലെൻസ്കി പരീക്ഷണം ലോക്ക്ഡൗൺ ചെയ്ത വാർത്ത ശാസ്ത്രലോകം തീരെ അവഗണിച്ചു. ലെൻസ്കിയുടെ ബ്ലോഗിലും വിക്കിയുടെ പരീക്ഷണത്തെ കുറിച്ചുള്ള പേജിലും മാത്രമെ ഈ സംഭവം കാണുന്നുള്ളൂ എന്നത് ശാസ്ത്രലോകം ഈ പരീക്ഷണം നേരത്തെ അവഗണിച്ചു എന്ന് തെളിയിക്കുന്നു. കേരളത്തിലെ നാസ്തിക പ്രമുഖരും ഈ സംഭവം ജനശ്രദ്ധയിൽ വരാതെ സൂക്ഷിച്ചു എന്നത് പരീക്ഷണപരാജയം തെളിയിക്കുന്നു.

**(അവസാനിച്ചു)**

**അവലംബം:**

26 ഭൂമിയിലെ ഏറ്റവും മഹത്തായ ദൃശ്യവിസ്മയം: പരിണാമത്തിന്റെ തെളിവുകൾ, പേജ് 175.

27 അതേ പുസ്തകം, പേജ് 159.

28 അതേ പുസ്തകം, പേജ് 185.

39 അതേ പുസ്തകം, പേജ് 171, 172.


30 അതേ പുസ്തകം, പേജ് 176, 177.

31 https://en.wikipedia.org/wiki/E._coli_longterm_evolution_experiment

അബ്ദുൽ ജബ്ബാർ മദീനി
abduljabbaricc@gmail.com



ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 25



# പവിത്രത

ജഡികേച്ഛകളെ തൊട്ട് ശരീരത്തെ നിയന്ത്രിക്കുക, ശാരീരിക ധർമം നിലനിർത്തുകയും ആരോഗ്യത്തെ സംരക്ഷിക്കുകയും ചെയ്യുന്നതിൽ ദേഹത്തെ തടഞ്ഞിടുക, സുഖാസ്വാദനങ്ങളിലെല്ലാം അമിതവ്യയം വെടിഞ്ഞ് മിതത്വം പാലിക്കുക തുടങ്ങിയതെല്ലാം പവിത്രജീവിതം തേടുന്ന കാര്യങ്ങളാണല്ലോ. പവിത്ര ജീവിതം നയിക്കുവാനുള്ള കൽപനയും പ്രോത്സാഹവുമേകുന്ന വചനങ്ങൾ പ്രമാണങ്ങളിൽ ഏറെയാണ്.

"(നബിയേ,)നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്" (ക്വുർആൻ 24:30).



"സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും അവരുടെ ഭംഗിയിൽനിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ. അവരുടെ ഭർത്താക്കന്മാർ, അവരുടെ പിതാക്കൾ, അവരുടെ ഭർതൃപിതാക്കൾ, അവരുടെ പുത്രന്മാർ, അവരുടെ ഭർതൃപുത്രന്മാർ, അവരുടെ സഹോദരന്മാർ, അവരുടെ സഹോദരപുത്രന്മാർ, അവരുടെ സഹോദരീ പുത്രന്മാർ, മുസ്‌ലിംകളിൽ നിന്നുള്ള സ്ത്രീകൾ, അവരുടെ വലംകൈകൾ ഉടമപ്പെടുത്തിയവർ (അടിമകൾ), ലൈംഗികാസക്തി ഉള്ളവരല്ലാത്ത പുരുഷൻമാരായ പരിചാരകർ, സ്ത്രീകളുടെ രഹസ്യങ്ങൾ മനസ്സിലാക്കിയിട്ടില്ലാത്ത കുട്ടികൾ എന്നിവരൊഴിച്ച് മറ്റാർക്കും തങ്ങളുടെ ഭംഗി അവർ വെളിപ്പെടുത്തരുത്. തങ്ങൾ മറച്ചുവെക്കുന്ന തങ്ങളുടെ അലങ്കാരം അറിയപ്പെടുവാൻ വേണ്ടി അവർ കാലിട്ടടിക്കുകയും ചെയ്യരുത്. സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചു മടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (ക്വുർആൻ 24:31).

"വിവാഹം കഴിക്കാൻ കഴിവ് ലഭിക്കാത്തവർ അവർക്ക് അല്ലാഹു തന്റെ അനുഗ്രഹത്തിൽനിന്ന് സ്വാശ്രയത്വം നൽകുന്നതുവരെ സന്മാർഗനിഷ്ഠ നിലനിർത്തട്ടെ" (ക്വുർആൻ 24: 33).

സാമൂഹിക ജീവിതത്തിലും ലൈംഗിക ജീവിതത്തിലും മാത്രമല്ല പവിത്രതയും നിഷ്ഠയും പുലർത്തേണ്ടത്. പ്രത്യുത സമ്പത്തിന്റെ വിഷയത്തിലും അതു പുലർത്തേണ്ടതുണ്ട്. അനാഥകളെ സംരക്ഷിക്കുന്നവർ അവരുടെ സമ്പത്തിനോട് പുലർത്തേണ്ട നിലപാട് അല്ലാഹു പറയുന്നത് ഇപ്രകാരമാണ്:

"അനാഥകളെ നിങ്ങൾ പരീക്ഷിച്ച് നോക്കുക. അങ്ങനെ അവർക്കു വിവാഹപ്രായമെത്തിയാൽ നിങ്ങളവരിൽ കാര്യബോധം കാണുന്ന പക്ഷം അവരുടെ സ്വത്തുക്കൾ അവർക്ക് വിട്ടുകൊടുക്കുക. അവർ (അനാഥകൾ) വലുതാകുമെന്നത് കണ്ട് അമിതമായും ധൃതിപ്പെട്ടും അത് തിന്നുതീർക്കരുത്. ഇനി (അനാഥരുടെ സംരക്ഷണമേൽക്കുന്ന) വല്ലവനും കഴിവുള്ളവനാണെങ്കിൽ (അതിൽ നിന്നു എടുക്കാതെ) മാന്യത പുലർത്തുകയാണ് വേണ്ടത്. വല്ലവനും ദരിദ്രനാണെങ്കിൽ മര്യാദപ്രകാരം അയാൾക്കതിൽ നിന്ന് ഭക്ഷിക്കാവുന്നതാണ്. എന്നിട്ടവരുടെ സ്വത്തുക്കൾ അവർക്ക് നിങ്ങൾ ഏൽപിച്ചുകൊടുക്കുമ്പോൾ നിങ്ങളതിന് സാക്ഷി നിർത്തേണ്ടതുമാണ്. കണക്കു നോക്കുന്നവനായി അല്ലാഹു തന്നെ മതി" (ക്വുർആൻ 04:06).

പവിത്ര ജീവിതത്തിന്റെ മഹത്ത്വമറിയിക്കുന്ന തിരുമൊഴികളും ധാരാളമാണ്. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. തിരുദൂതർ പറഞ്ഞു:

"മൂന്നു കൂട്ടർ, അവരെ സാഹായിക്കൽ അല്ലാഹു ബാധ്യതയായി ഏറ്റിരിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നവർ, കടബാധ്യത(മോചനദ്രവ്യം) നൽകി വീട്ടുവാനുദ്ദേശിക്കുന്ന മോചന പത്രം എഴുതപ്പെട്ട അടിമ, പവിത്രത ഉദ്ദേശിച്ച് വിവാഹം കഴിക്കുന്നവൻ" (സുനനുത്തുർമുദി, അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചു).

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; അല്ലാഹുവിന്റെ റസുൽ(സ) പറഞ്ഞു: "ആറു കാര്യങ്ങൾക്ക് (അവ പ്രാവർത്തികമാക്കാം എന്നതിന്) നിങ്ങൾ എനിക്ക് മനസ്സാ ജാമ്യംനിൽക്കുക. ഞാൻ നിങ്ങൾക്ക് സ്വർഗത്തിന് ജാമ്യംനിൽക്കാം. നിങ്ങൾ സംസാരിച്ചാൽ സത്യം പറയുക, നിങ്ങൾ കരാർ ചെയ്താൽ പൂർത്തീകരിക്കുക. നിങ്ങൾ വിശ്വസിച്ചേൽപിക്കപ്പെട്ടാൽ അമാനത്ത് നിർവഹിക്കുക. നിങ്ങൾ നിങ്ങളുടെ ഗുഹ്യാവയവങ്ങൾ സൂക്ഷിക്കുക, നിങ്ങളുടെ ദൃഷ്ടികൾ

താഴ്ത്തുക, നിങ്ങളുടെ കൈകളെ (തെറ്റുകളിൽനിന്ന്) തടുക്കുക" (മുസ്നദു അഹ്മദ്, സ്വഹീഹു ഇബ്നി ഹിബ്ബാൻ. അൽബാനി ഹദീഥിനെ 'സ്വഹീഹുൻ ലി ഗയ്‌രിഹി' എന്ന് വിശേഷിപ്പിച്ചു).

സമ്പത്തിന്റെ വിഷയത്തിൽ പവിത്രതയും ധർമനിഷ്ഠയും പുലർത്തുവാൻ പ്രചോദനമേകുന്ന ഏതാനും തിരുമൊഴികൾ ഇവിടെ നൽകുന്നു.

ജുൻദുബ് ഇബ്നു അബ്ദില്ല‍﵁യിൽ നിന്ന് നിവേദനം; തിരുദൂതർﷺ പറയുന്നത് ഞാൻ കേട്ടു: "നിശ്ചയം, (മരണാനന്തരം) മനുഷ്യനിൽ ആദ്യമായി ജീർണിച്ച് നാറുന്നത് അവന്റെ വയറായിരിക്കും. അതിനാൽ അവന് നല്ലത് ഭക്ഷിക്കാനാവുമെങ്കിൽ നല്ലതുമാത്രം ഭക്ഷിക്കട്ടെ. താൻ ചിന്തിയ ഒരു കൈക്കുമ്പിൾ രക്തം കാരണത്താൽ തന്റെയും സ്വർഗത്തിന്റെയും ഇടയിൽ മറവീഴ്ത്തപ്പെടും; അങ്ങനെ സ്വർഗത്തെതൊട്ട് മറക്കപ്പെടാതിരിക്കുവാൻ ഒരാൾക്ക് കഴിയുമെങ്കിൽ അയാൾ അപ്രകാരം ചെയ്യട്ടെ" (ബുഖാരി).

അബൂഹുറയ്‌റ‍﵁യിൽനിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "ജനങ്ങൾക്ക് ഒരു കാലം വരും. അന്ന് മനുഷ്യൻ താൻ സ്വീകരിച്ച സമ്പത്ത് ഹലാലാണോ അതല്ല ഹറാമാണോ എന്നത് ഗൗനിക്കില്ല"(ബുഖാരി).

അദിയ്യ് ഇബ്നുഉമയ്‌റ‍﵁യിൽ നിന്ന് നിവേദനം; തിരുദൂതർﷺ പറയുന്നത് ഞാൻ കേട്ടു: "നിങ്ങളിൽ വല്ലവരെയും നാം ഒരു ജോലിക്കായി നിയോഗിക്കുകയും ശേഷം അയാൾ ഒരു സൂചിയോ അതിന് ഉപരിയിൽ വല്ലതുമോ നമ്മിൽ നിന്ന് മറച്ചുവെച്ചാൽ അത് ഗുലൂലായി. അന്ത്യനാളിൽ അയാൾ അത് കൊണ്ടുവരുന്നതായിരിക്കും"(മുസ്‌ലിം).



ബുറയ്ദ‍﵁യിൽ നിന്ന് നിവേദനം; തിരുനബിﷺ പറഞ്ഞു: "വല്ലവരെയും നാം ഒരു ജോലിക്കായി നിയോഗിക്കുകയും അയാൾക്ക് നാം വേതനം നിശ്ചയിക്കുകയും ചെയ്തു; അതിൽ പിന്നെ അയാൾ സ്വീകരിക്കുന്നതെന്താണോ അത് ഗുലൂലാണ്"(സുനനുഅബീദാവൂദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

പവിത്രതക്കായി സദാ പ്രാർഥിക്കുന്നവനായിരുന്നു തിരുനബിﷺ. ഇബ്നു മസ്ഊദി‍﵁ൽ നിന്ന് നിവേദനം: "അല്ലാഹുവേ, ഞാൻ നിന്നോട് സന്മാർഗവും തക്‌വയും പവിത്രതയും ഐശ്വര്യവും തേടുന്നു" (മുസ്‌ലിം).


ഒരു രാവു മുഴുവനും ഉറക്കമില്ലാതെ അസ്വസ്ഥതയിൽ കഴിച്ചുകൂട്ടിയ തിരുനബിﷺയോട് കാരണം തിരക്കിയ തന്റെ ഭാര്യക്ക് അവിടുന്ന് നൽകിയ പ്രതികരണം ഇപ്രകാരമായിരുന്നു:

"ഞാൻ എന്റെ പാർശ്വത്തിനു താഴെ ഒരു കാരക്ക കണ്ടു. ഞാൻ അത് ഭക്ഷിച്ചു. നമ്മുടെ അടുക്കൽ സ്വദക്വഃയുടെ കാരക്കകളുണ്ടായിരുന്നു. ഞാൻ കഴിച്ച കാരക്ക അതാകുമോ എന്ന് ഞാൻ ഭയന്നു" (മുസ്നദു അഹ്മദ്, അർനാഊത്വ് ഹസനെന്ന് വിശേഷിപ്പിച്ചു).

നബിﷺ പറഞ്ഞതായി അബൂഹുറയ്‌റ‍﵁ നിവേദനം: "ഞാൻ എന്റെ കുടുംബത്തിലേക്ക് മടങ്ങും. അപ്പോൾ കാരക്ക എന്റെ വിരിപ്പിൽ വീണുകിടക്കുന്നതായി ഞാൻ കാണുകയും അതു ഭക്ഷിക്കുവാൻ വായിലേക്ക് ഉയർത്തുകയും അപ്പോൾ അത് സ്വദക്വയുടേതാകുമെന്ന് ഭയന്ന് ഞാൻ താഴെ ഇടുമായിരുന്നു" (ബുഖാരി).

ഹിംസ്വ് ദേശത്ത് ഉമറി‍﵁ന്റെ ഗവർണറായിരിക്കെ ഇയാദ് ഇബ്നുഗനം‍﵁ തന്റെ ബന്ധുക്കളോട് ഇപ്രകാരം പറഞ്ഞു:

"അല്ലാഹുവാണെ സത്യം, ഒരു നാണയത്തുട്ട് കവർന്നെടുക്കുന്നതിനെക്കാൾ അല്ലെങ്കിൽ അതിക്രമിച്ചെടുക്കുന്നതിനെക്കാൾ എനിക്ക് ഏറ്റവും ഇഷ്ടകരമായത് ഞാൻ ഈർച്ചവാൾ കൊണ്ട് പിളർക്കപ്പെടലാണ്."




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- ഈ സമയത്ത് ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- ഡിസംബർ രണ്ടാം വാരത്തോടെ മത്സരം അവസാനിക്കും. ഏറ്റവും കൂടുതൽ സ്കോർ നേടിയ മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മൽസരത്തിലൂടെ വിജയികളെ കണ്ടെത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും നൽകും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 7 മണിക്ക് മാഗസിൻ ഓൺലൈനിൽ അപ്ലോഡ് ചെയ്യുകയും ഞായറാഴ്ച രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ആഴ്ചയും ബുധൻ രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വെച്ചാണ് മത്സരാർഥികൾ ഓൺലൈനിൽ പ്രവേശിക്കേണ്ടത്. വിജയികളുടെ വിലാസം മൊബൈൽ നമ്പർ വെച്ചാണ് കണ്ടെത്തുന്നത് എന്നതിനാൽ സ്വന്തം നമ്പർ മാത്രമേ ഉപയോഗിക്കാവൂ.
- ശരിയുത്തരങ്ങൾ വ്യാഴാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ വ്യാഴാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- എല്ലാ ആഴ്ചയിലെയും വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 181


**ഒന്നാം സമ്മാനം:**
Mushab Abdul Khader, Sonkal

**രണ്ടാം സമ്മാനം:**
Ummu Abdul Hadhi, Mannarkad

**മൂന്നാം സമ്മാനം:**
Muhammad Kunhi VP, Muscat, Oman

അൽത്താഫ് അമ്മാട്ടിക്കുന്ന്
althafammatikunnu@gmail.com

ലേഖനം




# വാരിയൻകുന്നത്തിനെ ഭയക്കുന്നവരോട്

നുണ പറയുമ്പോൾ ഏറ്റവുംവലിയ നുണപറയുക; അത് പരമാവധി ആവർത്തിക്കുക എന്നതാണ് ഗീബൽസിന്റെ സിദ്ധാന്തം. നാസിസത്തിന്റെ വളർച്ചക്ക് നിർണായകമായ സ്ഥാനമാണ് ഈ സിദ്ധാന്തത്തിന് ഉണ്ടായിരുന്നത്. ഹിറ്റ്ലറുടെ അധ്യാപനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്ന ഇന്നത്തെ പല കൂട്ടായ്മകളും അതേനിലപാട് പിന്തുടരുന്നതിൽ അത്ഭുതമില്ല. ഇത്തരുണത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ബ്രിട്ടീഷ് കൊള്ളഭരണാധികാരികളോട് നേർക്കുനേർ ഏറ്റുമുട്ടിയ ധീരരക്തസാക്ഷികളുടെ മതം നോക്കി അവരെ വർഗീയവാദികളായി ചിത്രീകരിച്ചുകൊണ്ട്, അവരുടെ സേവനങ്ങളെ വിലകുറച്ച് കാണുകയും അവരുടെ ചരിത്രം ഓർമിക്കുന്നതിൽനിന്ന് ആളുകളെ തടയാനുള്ള വൃഥാശ്രമം നടത്തിക്കൊണ്ടിരിക്കുകയുമാണ് എന്തുവന്നാലും സത്യം മാത്രം പറയില്ല എന്ന് നിശ്ചയിച്ചുറപ്പിച്ച ചിലർ.

വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയെക്കുറിച്ച് അസത്യങ്ങളായ പല കഥകളും സമൂഹമാധ്യമങ്ങളിലൂടെ ഇക്കൂട്ടർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. കൗതുകകരമായ കാര്യം എന്തെന്നാൽ വാരിയൻകുന്നത്ത് ഹാജി എന്ന് ധരിച്ച് ഇവർ പ്രചരിപ്പിക്കുന്ന ചിത്രം ആലി മുസ്‌ലിയാരുടെതാണ്. രണ്ടുപേരും ഒന്നാണ് എന്നാണ് ഈ ചരിത്രധ്വംസകരിൽ പലരും ധരിച്ചിരിക്കുന്നത്. ഇവ്വിഷയകമായി ഇവരുടെ അജ്ഞതയുടെ പാരമ്യത ഇതിൽനിന്നുതന്നെ നമുക്ക് മനസ്സിലാക്കാവുന്നതാണ്.

എന്തായിരുന്നാലും വാരിയൻകുന്നത്ത് ഹാജിയെക്കുറിച്ചുള്ള ചരിത്രം മുഴുവൻ ഇവിടെ വിവരിക്കാൻ ഉദ്ദേശിക്കുന്നില്ല. ഫാഷിസ്റ്റുകളുടെ ഇതുസംബന്ധമായ പ്രധാന ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നും അത്തരം ആരോപണങ്ങൾവഴി ലോകത്തിന് മാതൃകയായ മതസൗഹാർദത്തെ തകർത്ത് അതു കണ്ട് പൊട്ടിച്ചിരിക്കാനുള്ള വർഗീയവാദികളുടെ സൃഗാല ബുദ്ധിയാണ് ഇത്തരം നുണക്കഥകളുടെ പിന്നിലെ ചേതോവികാരമെന്നും പ്രിയപ്പെട്ട ഹിന്ദുസഹോദരന്മാരെ ഒന്നുകൂടി ഓർമപ്പെടുത്തുകയാണ്, ഈ കുറിപ്പിന്റെ ലക്ഷ്യം.



വാരിയൻകുന്നത്ത് ഹാജി നിർബന്ധ മതപരിവർത്തനം നടത്തിയെന്നും ഹിന്ദുക്കളെ കൂട്ടക്കൊല ചെയ്തുവെന്നും ബ്രിട്ടീഷ്‌വിരുദ്ധനീക്കം ഒന്നുംതന്നെ നടത്തിയിട്ടില്ല എന്നുമാണ് വർഗീയവാദികൾ ഉന്നയിക്കുന്ന പ്രധാന ആരോപണങ്ങൾ.

എന്താണ് വസ്തുതകൾ എന്ന് പരിശോധിക്കാം. ബ്രിട്ടീഷ് ഗവൺമെന്റിനെതിരെ ശക്തമായ സമരം സംഘടിപ്പിച്ച വാരിയൻകുന്നത്ത് ഹാജിയുടെ സഹായികൾ മുസ്‌ലിംകൾ മാത്രമായിരുന്നില്ല. വെള്ളക്കാരുടെയും അവരുടെ സഹായികളായ വർണവെറിയന്മാരുടെയും ജാതീയമായ പീഡനങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന എല്ലാ അധഃസ്ഥിത വിഭാഗങ്ങളും ജാതിഭേദമന്യെ വാരിയൻകുന്നിന്റെ പിന്നിൽ അണിനിരന്നു. എക്കാലത്തും അക്രമികളായ ഭരണാധികാരികളുടെ സ്തുതിപാഠകരും ദുർബലരെ പീഡിപ്പിക്കുന്നവരുമായ ഖാറൂൺ മുതലാളിമാരും ഹാമാൻമാരും എല്ലാ സമൂഹത്തിലുമുണ്ടാകും. (ഖാറൂൺ, ദുഷ്ടനായ ഫറോവയുടെ പക്ഷംചേർന്ന് സ്വന്തം ജനതയെ ഒറ്റിക്കൊടുത്തവൻ. ഹാമാൻ, ഫറോവയുടെ മന്ത്രിയും അക്രമത്തിന് ചുക്കാൻ പിടിച്ചവനും).

ബ്രിട്ടീഷുകാരെ അംഗീകരിക്കുകയും അവരുടെ വിജയത്തിനായി സ്വന്തം ജനതയെ വഞ്ചിക്കുകയും ചെയ്തവരിൽ എല്ലാ മതത്തിലും പെട്ടവരുണ്ടായിരുന്നു എന്നത് ഒരു വസ്തുതയാണ്. എന്നാൽ ഇസ്‌ലാമിക സമൂഹത്തിലെ ഇത്തരം സാമ്രാജ്യത്വ അനുകൂലികളെ ഒറ്റപ്പെടുത്തുകയും മാതൃകാപരമായി ശിക്ഷിക്കുകയുമാണ് ഇസ്‌ലാമിക പണ്ഡിതന്മാരും നേതാക്കന്മാരും എക്കാലവും ചെയ്തിട്ടുള്ളത്. ഹാജിയും ഇതിന്നപവാദമായിരുന്നില്ല.

ബ്രിട്ടീഷ് ഭരണാധികാരികളുടെ നിർദേശാനുസരണം സ്വാതന്ത്ര്യസമരാനുകൂലികളെ നിർദയം മർദിക്കുന്നവരിൽ പ്രധാന പങ്കുവഹിച്ചത് ഇന്ത്യക്കാരായ ഉദ്യോഗസ്ഥന്മാരായിരുന്നു. അവരിൽ ഹിന്ദുക്കളും മുസ്‌ലിംകളും ഉൾപ്പെടുന്നു. ആമു സാഹിബ്, കെ.വി. ചേക്കുട്ടി ഇൻസ്പെക്ടർ (ആനക്കയം), എം. നാരായണമേനോൻ എന്നിവർ അവരിൽ പ്രമുഖരാണ്. 1921 ആഗസ്റ്റ് 30ന് സാമ്രാജ്യത്വത്തിന്റെ ദല്ലാളായ ചേക്കുട്ടി പോലീസിനെ വധിച്ച് സാമ്രാജ്യത്വ വാലാട്ടികൾക്കും മർദകരായ ഭരണാധികാരികൾക്കും ശക്തമായ താക്കീത് നൽകുമ്പോൾ ചേക്കുട്ടിയുടെ മുസ്‌ലിം നാമം ഹാജിക്ക് തടസ്സമായില്ല. എന്ന് മാത്രമല്ല ഹാജിയുടെ സൈന്യത്തിൽ അനേകം ഹിന്ദുക്കളും ഉണ്ടായിരുന്നു. കുറ്റം ചെയ്തവരുടെ മതം നോക്കി ശിക്ഷയിൽ ഇളവ് വരുത്തുന്ന രീതിയും മതം നോക്കി പൗരത്വം പ്രഖ്യാപിക്കുന്നരീതിയും ഇ

സ്ലാം പഠിപ്പിക്കുന്നില്ല. അത് എന്നും നീതിയുടെ പക്ഷത്താണ്.

വാരിയൻകുന്നത്തിന് സ്വാധീനമുള്ള വിശാലമായ ഒരു പ്രദേശത്ത് ബ്രിട്ടീഷ് സ്വാധീനം ഇല്ലാതായി. മാപ്പിളനാട്ടിൽ പൊതുവായി ഒമ്പത് മാസത്തോളം ബ്രിട്ടീഷ് ഭരണം സ്തംഭനാവസ്ഥയിലായി. സാമ്രാജ്യത്വത്തിനനുകൂലമായവരെ മതം നോക്കാതെ ശിക്ഷിക്കാനും ഹാജി മറന്നില്ല. ഹാജിയുടെ ഇത്തരം വിട്ടുവീഴ്ചയില്ലാത്ത നടപടികൾ ബ്രിട്ടീഷുകാർക്ക് മാപ്പെഴുതി ശിഷ്ടകാലം സുഖമായി ജീവിച്ച് സ്വാതന്ത്ര്യസമരത്തെ ഒറ്റിയവരുടെ പിൻമുറക്കാർക്ക് ദഹിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ.

ഹാജിസാഹിബ് നീതിമാനും സമുദായ സൗഹാർദതയുടെ സന്ദേശവാഹകനും ഉദാത്തനായ ജനനേതാവുമായിരുന്നു. പ്രശസ്ത ചരിത്രകാരൻ ശ്രീ. എ.കെ.പിള്ള തന്നെ പറയട്ടെ:

"കുഞ്ഞഹമ്മദ് ഹാജി ലഹളക്കാരുടെ നേതൃത്വം സ്വീകരിച്ചതോടു കൂടി ലഹളയുടെ ഉദ്ദേശം കുറെ കൂടി വിപുലമായിത്തീർന്നു. അരാജകസ്ഥിതി കഴിയുന്നതും വരാതെകണ്ട് എല്ലാം ക്രമമായും ചില മുറകളനുസരിച്ചും പോകണമെന്ന് കുഞ്ഞഹമ്മദ് ഹാജിക്ക് അഭിപ്രായങ്ങളെല്ലാമുണ്ടായിരുന്നു. അയാൾ തന്റെ അനുയായികളുടെ ഇടയിൽ ചില നിയമങ്ങളെല്ലാം ഏർപ്പെടുത്തി. അതിൽനിന്ന് തെറ്റിനടക്കുന്നവരെ കഠിനമായി ശിക്ഷിച്ചു. അയാളുടെ കൽപനകളിൽ ഒന്ന് ഹിന്ദുക്കളെ ഉപദ്രവിച്ചുപോകരുതെന്നും എതിർപക്ഷത്തുനിന്നും തടവുകാരായി പിടിക്കുന്ന യാതൊരാളെയും തന്റെ പ്രത്യേക അനുമതിയോടു കൂടിയല്ലാതെ വധിച്ച് പോകരുതെന്നും ഉള്ളതായിരുന്നു.

സാമാന്യജനങ്ങളെ ശല്യപ്പെടുത്തുകയോ; വീടുകളോ പീടികകളോ കൊള്ളചെയ്യുകയും ചെയ്യുന്നവരെ കുഞ്ഞഹമ്മദ് ഹാജിയുടെ മുമ്പാകെ വരുത്തി വിചാരണ ചെയ്ത് തക്കതായ ശിക്ഷനൽകിയും വന്നു. മുകളിൽ പ്രസ്താവിച്ച പ്രകാരം ആഗസ്റ്റ് 24ന് മഞ്ചേരിയിലെ 'നമ്പൂതിരി ബാങ്ക്' കയ്യേറി അതിലുണ്ടായിരുന്ന പണ്ടങ്ങൾ അതിന്റെ ഉടമസ്ഥന്മാരെ വരുത്തി തിരിച്ചുകൊടുത്തത് കുഞ്ഞഹമ്മദ് ഹാജിയുടെ ആദ്യപ്രവൃത്തികളിൽ ഒന്നായിരുന്നു. അന്നേദിവസം തന്നെ മഞ്ചേരി നാൽകവലയിൽവച്ച് ചെയ്ത പ്രഖ്യാപനത്തിൽ ഹിന്ദുക്കൾക്ക് യാതൊരു പദ്രവവും ഉണ്ടാകുന്നതല്ലെന്നു ഉറപ്പ് നൽകിയിരുന്നു."

ഹാജി സാഹിബിന്റെ നീതിബോധത്തെയും ധർമനിഷ്ഠയെയും പ്രകടമാക്കുന്ന മറ്റൊരു സംഭവം ശ്രീ. മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് വിവരിക്കുന്നു:

"അതിനിടക്ക് ഒരു മാപ്പിള താനെഴുതിക്കൊടുത്ത ഒരു പണയാധാരം ഒരു ഹിന്ദുവിന്റെ കയ്യിൽ നിന്നും ബലംപ്രയോഗിച്ചു മടക്കിവാങ്ങി. അഹിന്ദു ഹാജിയാരുടെ അടുക്കൽ സങ്കടം ബോധിപ്പിച്ചു. ഹാജിയാർ പ്രതിയുടെ കയ്യ് വെട്ടുവാൻ കൽപിച്ചു. മാപ്പിള പേടിച്ചു പണയാധാരം ഹിന്ദുവിന് തന്നെ മടക്കക്കൊടുത്തു."

ജനങ്ങളോടുള്ള ഗുണകാംക്ഷയും അചഞ്ചലമായ ധൈര്യവും നിറഞ്ഞ വിസ്മയ വ്യക്തിത്വത്തിന്നുടമയായിരുന്നു വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, സംഭവബഹുലമായ അദ്ദേഹത്തിന്റെ ജീവിതത്തിലെ ഇത്തരം സംഭവങ്ങൾ മുഴുവൻ ഇവിടെ വിവരിക്കുക സാധ്യമല്ല.

ചുരുക്കത്തിൽ, വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി വെള്ളക്കാരന്റെ പേടിസ്വപ്നമായിരുന്നു. അദ്ദേഹത്തിന്റെ അനുയായികളിൽ ഹിന്ദുക്കളും മുസ്‌ലിംകളുമുണ്ടായിരുന്നു. നാട്ടിലെ ഹിന്ദുക്കളും മുസ്‌ലിംകളുമെല്ലാം സന്തോഷപൂർവം ഹാജിയുടെ ചെറുത്തുനിൽപ്പ് പ്രസ്ഥാനത്തിന് സഹായ സഹകരണങ്ങൾ നൽകിയിരുന്നു. കൊണ്ടോട്ടിയിലെ പ്രസിദ്ധനായ നസറുദ്ദീൻ തങ്ങൾ ബ്രിട്ടീഷ് പക്ഷത്തേക്ക് കൂറ് മാറിയപ്പോൾ അയാൾക്കെതിരെയും വാരിയൻകുന്നത്ത് ഹാജി സൈനിക നീക്കം നടത്തി. ബ്രിട്ടീഷ് ഭരണകൂട ഭീകരതക്കെതിരെയും അവരുടെ ചെരിപ്പുനക്കികൾക്കെതിരെയും നടപടിയെടുക്കുന്നതിൽ ഹാജിക്ക് ജാതി, മത പരിഗണനകൾ ഉണ്ടായിരുന്നില്ല എന്നത് ഒരു ചരിത്രയാഥാർഥ്യമാണ്.

വസ്തുത ഇതായിരിക്കെ വാരിയൻകുന്നിന്റെ ഹിന്ദുവിരുദ്ധതയെപ്പറ്റി ഇല്ലാക്കഥ മെനയുന്നവരും അത് ഏറ്റുപാടുന്നവരും ബ്രിട്ടീഷ് അനുകൂലികളുടെയും അവർക്ക് മാപ്പെഴുതി ശിഷ്ട ജീവിതം സമ്പന്നവും സമൃദ്ധവുമാക്കി സ്വാതന്ത്ര്യസമരത്തെ ഒറ്റിക്കൊടുത്ത ആളുകളുടെ പിന്മുറക്കാരുടെയും പുനരവതാരങ്ങളാണെന്നതിൽ നിഷ്പക്ഷമതികൾക്കാർക്കും തർക്കമുണ്ടാക്കാൻ വഴിയില്ല.

*(അവലംബം: മലബാർ കലാപത്തിന്റെ 60ാംവാർഷികത്തിൽ അതിലെ നേരനുഭവസ്ഥരുടെ അനുഭവ സാക്ഷ്യങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച സ്മരണിക).*

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 63, ഭാഗം: 1

# മുനാഫിഖൂൻ (കപടവിശ്വാസികൾ)

(മദീനയിൽ അവതരിച്ചത്)

إِذَا جَآءَكَ ٱلْمُنَٰفِقُونَ قَالُوا۟ نَشْهَدُ إِنَّكَ
لَرَسُولُ ٱللَّهِ ۗ وَٱللَّهُ يَعْلَمُ إِنَّكَ لَرَسُولُهُۥ وَٱللَّهُ
يَشْهَدُ إِنَّ ٱلْمُنَٰفِقِينَ لَكَٰذِبُونَ ﴿١﴾
ٱتَّخَذُوٓا۟ أَيْمَٰنَهُمْ جُنَّةً فَصَدُّوا۟ عَن سَبِيلِ ٱللَّهِ ۚ
إِنَّهُمْ سَآءَ مَا كَانُوا۟ يَعْمَلُونَ ﴿٢﴾
ذَٰلِكَ بِأَنَّهُمْ ءَامَنُوا۟ ثُمَّ كَفَرُوا۟ فَطُبِعَ عَلَىٰ
قُلُوبِهِمْ فَهُمْ لَا يَفْقَهُونَ ﴿٣﴾
وَإِذَا رَأَيْتَهُمْ تُعْجِبُكَ أَجْسَامُهُمْ ۖ وَإِن
يَقُولُوا۟ تَسْمَعْ لِقَوْلِهِمْ ۖ كَأَنَّهُمْ خُشُبٌ مُّسَنَّدَةٌ ۖ
يَحْسَبُونَ كُلَّ صَيْحَةٍ عَلَيْهِمْ ۚ هُمُ ٱلْعَدُوُّ
فَٱحْذَرْهُمْ ۚ قَٰتَلَهُمُ ٱللَّهُ ۖ أَنَّىٰ يُؤْفَكُونَ ﴿٤﴾

1. കപടവിശ്വാസികൾ നിന്റെ അടുത്ത് വന്നാൽ അവർ പറയും: തീർച്ചയായും താങ്കൾ അല്ലാഹുവിന്റെ ദൂതനാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവിന്നറിയാം തീർച്ചയായും നീ അവന്റെ ദൂതനാണെന്ന്. തീർച്ചയായും മുനാഫിക്വുകൾ (കപടൻമാർ) കള്ളം പറയുന്നവരാണ് എന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു.
2. അവർ അവരുടെ ശപഥങ്ങളെ ഒരു പരിചയാക്കിയിരിക്കയാണ്. അങ്ങനെ അവർ അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ജനങ്ങളെ) തടഞ്ഞിരിക്കുന്നു. തീർച്ചയായും അവർ പ്രവർത്തിക്കുന്നത് എത്രയോ ചീത്ത തന്നെ.
3. അത്, അവർ ആദ്യം വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും ചെയ്തതിന്റെ ഫലമത്രെ. അങ്ങനെ അവരുടെ ഹൃദയങ്ങളിൻമേൽ മുദ്രവെക്കപ്പെട്ടിരിക്കുന്നു. അതിനാൽ അവർ (കാര്യം) ഗ്രഹിക്കുകയില്ല.
4. നീ അവരെ കാണുകയാണെങ്കിൽ അവരുടെ ശരീരങ്ങൾ നിന്നെ അത്ഭുതപ്പെടുത്തും. അവർ സംസാരിക്കുന്ന പക്ഷം നീ അവരുടെ വാക്ക് കേട്ടിരുന്നു പോകും. അവർ ചാരിവെച്ച മരത്തടികൾ പോലെയാകുന്നു. എല്ലാ ഒച്ചയും തങ്ങൾക്കെതിരാണെന്ന് അവർ വിചാരിക്കും. അവരാകുന്നു ശത്രു. അവരെ സൂക്ഷിച്ചുകൊള്ളുക. അല്ലാഹു അവരെ നശിപ്പിക്കട്ടെ. എങ്ങനെയാണവർ വഴിതെറ്റിക്കപ്പെടുന്നത്?

നബിﷺ മദീനയിൽ എത്തിയപ്പോൾ ഇസ്‌ലാം വളരുകയും പ്രതാപം നേടുകയും ചെയ്തു. ഔസ്, ഖസ്‌റജ് ഗോത്രങ്ങളിൽ പെട്ട ചില ആളുകൾ പുറത്ത് വിശ്വാസം പ്രകടിപ്പിക്കുകയും ഉള്ളിൽ നിഷേധം വെച്ചുപുലർത്തുകയും ചെയ്തു. അവരുടെ പ്രശസ്തി നിലനിർത്താനും ജീവൻ സംരക്ഷിക്കാനും സമ്പത്ത് സുരക്ഷിതമാക്കാനും വേണ്ടിയായിരുന്നു അത്. അവരെ തിരിച്ചറിയാവുന്ന ചില വിശേഷണങ്ങൾ അല്ലാഹു ഇവിടെ പറയുന്നു. ജനങ്ങൾ അവരെക്കുറിച്ച് ജാഗ്രത കാണിക്കാനും അവരെക്കുറിച്ച് ഉൾക്കാഴ്ച ഉണ്ടാക്കാനും വേണ്ടി.

(കപടവിശ്വാസികൾ നിന്റെ അടുത്തുവന്നാൽ അവർ പറയും) കളവായിക്കൊണ്ട്. (തീർച്ചയായും താങ്കൾ അല്ലാഹുവിന്റെ ദൂതനാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു). കപടവിശ്വാസികളുടെ ഈ സാക്ഷ്യം കളവും കാപട്യവുമാണ്. അല്ലാഹുവിന്റെ ദൂതന്റെ പ്രവാചകത്വം സ്ഥാപിക്കാൻ അവരുടെ സാക്ഷ്യം ആവശ്യവുമില്ല.

(അല്ലാഹുവിനറിയാം, തീർച്ചയായും നീ അവന്റെ ദൂതനാണെന്ന്. തീർച്ചയായും മുനാഫിഖുകൾ കള്ളം പറയുന്നവരാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു) അവർ സംസാരങ്ങളിലും വാദങ്ങളിലുമൊന്നും യഥാർഥത്തിൽ അവനെ അംഗീകരിക്കുന്നില്ല.

2). (അവർ അവരുടെ ശപഥങ്ങളെ ഒരു പരിചയാക്കിയിരിക്കുകയാണ്) കപടതയിലേക്ക് അവരെ ചേർക്കാതിരിക്കാൻ, അതിനെ തടുക്കാനുള്ള ഒരു പരിച.

(അങ്ങനെ അവർ അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് -ജനങ്ങളെ- തടഞ്ഞിരിക്കുന്നു) അവരെയും അവരെക്കുറിച്ച് അറിയാത്ത മറ്റുള്ളവരെയും. (തീർച്ചയായും അവർ പ്രവർത്തിക്കുന്നത് എത്രയോ ചീത്ത) വിശ്വാസം പ്രകടമാക്കുകയും ഉള്ളിൽ അവിശ്വാസം മറച്ചുവെക്കുകയും ചെയ്യുക എന്നത്. അത് സത്യം ചെയ്തു പറയുകയും അവരുടെ സത്യസന്ധരാണെന്ന് തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നു.

3). (അത്) കപടത അവർക്ക് നല്ലതായി തോന്നാൻ (കാരണം), (അവർ) വിശ്വാസത്തിൽ ഉറച്ചു നിൽക്കാത്തതിനാലാണ്. മാത്രമല്ല (അവർ ആദ്യം വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും ചെയ്തതിന്റെ ഫലമത്രെ. അങ്ങനെ അവരുടെ ഹൃദയങ്ങളുടെമേൽ മുദ്രവെക്കപ്പെട്ടിരിക്കുന്നു).


നന്മ ഒരിക്കലും ആ ഹൃദയങ്ങളിലേക്ക് പ്രവേശിക്കാത്ത വിധം. (അതിനാൽ അവർ കാര്യം ഗ്രഹിക്കുന്നില്ല). അവർക്ക് പ്രയോജനപ്പെടാവുന്നതും നന്മ വരുത്താൻ ഉപകരിക്കുന്നതും.

4). (നീ അവരെ കാണുകയാണെങ്കിൽ അവരുടെ ശരീരങ്ങൾ നിന്നെ അത്ഭുതപ്പെടുത്തും) അതിന്റെ കാഴ്ചഭംഗിയും മനോഹാരിതയും കാരണം. (അവർ സംസാരിക്കുന്ന പക്ഷം നീ അവരുടെ വാക്കുകൾ



കേട്ടിരുന്നുപോകും) സംസാരത്തിന്റെ ഭംഗിയും ആസ്വാദ്യകരമായ കേൾവിയും കാരണം. അവരുടെ ശരീരങ്ങളും വാക്കുകളും മനോഹരമാണ്. പക്ഷേ, അതിനപ്പുറം ശ്രേഷ്ഠമായ സ്വഭാവഗുണങ്ങളോ ശരിയായ മാർഗങ്ങളോ നല്ല ധാർമികതയോ ഒന്നും തന്നെ അവർക്കില്ല. (അവർ ചാരിവെക്കപ്പെട്ട മരത്തടികൾ പോലെയാകുന്നു) വ്യക്തമായ ഉപദ്രവങ്ങളല്ലാതെ മറ്റൊരു പ്രയോജനവും അതിലില്ല.

(എല്ലാ ഒച്ചയും തങ്ങൾക്കെതിരാണെന്ന് അവർ വിചാരിക്കും) അവരുടെ ഭീരുത്വവും ഭയവും ഹൃദയത്തിന്റെ ദുർബലതയും സംശയവും കാരണം ഹൃദയത്തിലുള്ളത് അറിയുമോ എന്ന വൻ ഭയപ്പെടുകയും ചെയ്യുന്നു. ഇക്കൂട്ടർ (അവരാകുന്നു ശത്രു) യഥാർഥത്തിൽ, തിരിച്ചറിയാവുന്ന പ്രത്യക്ഷശത്രു മനസ്സിലാവാത്ത ശത്രുവിനെക്കാൾ അപകടം കുറഞ്ഞവനാണ്. അവൻ തന്ത്രശാലിയും ചതിയനുമാണ്. അവൻ രക്ഷകനാണെന്ന് വാദിക്കുന്നു. എന്നാൽ അവനാകട്ടെ, പ്രത്യക്ഷ ശത്രുവും. (അവരെ സൂക്ഷിച്ചുകൊള്ളുക. അല്ലാഹു അവരെ നശിപ്പിക്കട്ടെ. എങ്ങനെയാണവർ വഴിതെറ്റിക്കപ്പെടുന്നത്) തെളിവുകൾ വ്യക്തമായതിനുശേഷം ഇസ്‌ലാം മതത്തിൽ നിന്ന് അവരെങ്ങനെയാണ് തെറ്റിപ്പോകുന്നത്? അതിന്റെ അടയാളങ്ങൾ തെളിഞ്ഞുകണ്ടതിനു ശേഷം! നഷ്ടവും പരാജയവുമല്ലാതെ മറ്റൊന്നും നേടിക്കൊടുക്കാത്ത അവിശ്വാസത്തിലേക്ക്.



നബീൽ പയ്യോളി
nabeelpayyoly@gmail.com



# മരണം തീർക്കുന്ന ശൂന്യത

കഴിഞ്ഞ ദിവസം രാവിലെ ഓഫീസിൽ എത്തി ഇമെയിൽ തുറന്നപ്പോൾ ആദ്യം കണ്ണുടച്ച നോട്ടിഫിക്കേഷൻ 'ഇക്കി പാസ്ഡ് എവേ' എന്നതായിരുന്നു. മംഗലാപുരം സ്വദേശി ഇഖ്ബാൽ ഏതാനും ആഴ്ചകളായി കോവിഡ് ബാധിച്ച് ചികിത്സയിലായിരുന്നു. ആ വാർത്ത മനസ്സിനെ വല്ലാതെ ഉലച്ചു. പുഞ്ചിരിക്കുന്ന മുഖം എന്നന്നേക്കുമായി മറഞ്ഞു, ഒരു മരവിപ്പ്! ഗൾഫിൽ വന്നത് മുതൽ കാണാൻ തുടങ്ങിയ മുഖം, പ്രമുഖ ലോജിസ്റ്റിക് കമ്പനിയുടെ മാനേജർ. എന്റെ മാനേജരുടെ കൂട്ടുകാരനും കൂടിയായതിനാൽ ഇടയ്ക്കിടെ ഓഫീസിൽ വരും. ധാരാളം സംസാരിക്കും; ബിസിനസും വ്യക്തിപരമായ കാര്യങ്ങളും എല്ലാം. ലോജിസ്റ്റിക്സുമായി ബന്ധപ്പെട്ട എന്ത് സഹായത്തിനു വിളിച്ചാലും അദ്ദേഹം റെഡി. സംശയങ്ങളും ആശങ്കകളും ആ വിളിയിൽ തീരും. അടുത്ത കൂട്ടുകാരനെ കൊറോണ കാലയവനികക്കുള്ളിലേക്ക് മറച്ചു. കഴിഞ്ഞയാഴ്ചയാണ് കൂട്ടുകാരന്റെ ഉമ്മ വീട്ടിൽ കുഴഞ്ഞു വീണത്. പെരിന്തൽമണ്ണയിലെ ഹോസ്പിറ്റലിൽ ചികിത്സയിൽ ഇരിക്കെ അവർ മരണത്തിന് കീഴടങ്ങുകയും ചെയ്തു. കമ്പനിയിലെ പാക്കിസ്ഥാൻകാരൻ എഞ്ചിനീയറുടെ മാതാവ്; വിസിറ്റിങ് വിസയിൽ വന്നതായിരുന്നു. കോവിഡ് ബാധ ഭേദമായി ദിവസങ്ങൾക്കകം ആ ആശുപത്രിയിൽ തന്നെ ഹൃദയസ്തംഭനം മൂലം അവർ മരിച്ചു.

മരണങ്ങൾ നമ്മുടെ മനസ്സിനെ വല്ലാതെ പിടിച്ചുകുലുക്കാറുണ്ട്. മാതാപിതാക്കൾ, മക്കൾ, ഭാര്യാഭർത്താക്കന്മാർ, കൂടപ്പിറപ്പുകൾ, ബന്ധുക്കൾ, സഹപാഠികൾ, കൂടെ ജോലി ചെയ്തവർ, ആദർശ സഹോദരങ്ങൾ... തുടങ്ങി നമ്മുടെ ചുറ്റിലുമുള്ള പലരും മരണം വരിച്ചു. പ്രവാസലോകത്തെ മരണം നോവേറുന്നതാണ്. മാസങ്ങളോ വർഷങ്ങളോ ആയി കുടുംബത്തെയും നാടിനെയും കാണാത്തവർ കണ്ണടയ്ക്കുമ്പോൾ അത് ഹൃദയഭേദകമാണ്. കൊറോണക്കാലം ആയതിനാൽ ഒന്ന് മയ്യിത്ത് നമസ്കരിക്കുന്നതിലോ ഖബറടക്കുന്നതിലോ പങ്കുചേരാൻ വിരലിൽ എണ്ണാവുന്നവർക്കേ അവസരം ഉണ്ടാവുകയുള്ളൂ. അനാഥത്വം പേറി അവർ ഈ മണലാരണ്യത്തിൽ അലിഞ്ഞുചേരും. പാസ്പോർട്ടും ടിക്കറ്റും വേണ്ടാത്ത ലോകത്തേക്ക് യാത്രയാവും. കർമങ്ങളുടെ ലോകത്തുനിന്നും പ്രതിഫലത്തിന്റെ ലോകത്തെ യാത്രക്കിടയിലാണ് അവരിപ്പോൾ.

മരിച്ചവർ ഈ ലോകത്തുനിന്നും മറഞ്ഞു. അവരുടെ ഇടം എന്നും ഈ ലോകത്ത് ശൂന്യമായി കിടക്കും. കാലങ്ങൾ ഒരുപാട് കഴിഞ്ഞാലും ആ ശൂന്യത നമ്മെ വേട്ടയാടും. ഈ നിമിഷംവരെ നമ്മെ പോലെ ഈ ലോകത്ത് ജീവിച്ചവർ നിമിഷാർധത്തിനകം മറ്റൊരുലോകം പുൽകുന്നു. മരണത്തിന് പ്രായ-കാല-ഭാഷ-വേഷ-വർണ-വർഗ വ്യത്യാസമില്ല. എല്ലാവരും ഒരുപോലെ അംഗീകരിക്കുന്ന അനുഭവിക്കുന്ന യാഥാർഥ്യം. നാഥാ നിന്റെ തൃപ്തിയോടെ മരിക്കാൻ ഞങ്ങൾക്ക് അനുഗ്രഹം നൽകണേ (ആമീൻ).

“ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല” (ആലുഇംറാൻ 185).




Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

/greenvalleycampus

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8 (boys only )**

+91 9061716600
greenvalleyinstitutions@gmail.com

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 JULY 11

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
# നേർപഥം Quiz
MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**
**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**
**മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!**
**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**
**കൂടാതെ ശരിയുത്തരമയക്കുന്ന**
**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**




zameel
the soulmate

**വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ ലൈബ്രറിയോ
സന്ദർശിക്കുക.**

**എല്ലാ ഞായറാഴ്ചയും 10 AM മുതൽ ബുധൻ 12 AM വരെ ഉത്തരമയക്കാൻ അവസരം...!!**

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com | www.nerpatham.com**